# സഞ്ജയൻ

തെരഞ്ഞെടുത്ത ലേഖനങ്ങൾ

# ഉള്ളടക്കം


**1 പുത്തൻ ശൈലികൾ** 2

**2 ചങ്ങലംപരണ്ട ടാഗോർ** 5

**3 കള്ളവാക്കുകൾ** 8

**4 വെള്ളം, വെള്ളം** 9

**5 ഉദ്യോഗം പോയ വഴി** 12

**6 ചില പുതിയ വെപ്പുമുറകൾ** 16

6.1 പീടികച്ചായ . . . . . . . . . . 16

6.2 ബ്രാമിൺസ് ടീ . . . . . . . . . . 17

6.3 മിസ്റ്റിക് പായസം . . . . . . . . . . 17

6.4 വിഷാദാത്മകച്ചട്ണി . . . . . . . . . . 18

**7 ഭർതൃസ്ഥാനാർത്ഥികൾ** 19

# അധ്യായം 1

# പുത്തൻ ശൈലികൾ

കൂട്ടരേ, നിങ്ങളാരെങ്കിലും ഒരു വിവരമറിഞ്ഞുവോ? ഈയിടെയായി നമ്മുടെ മലയാള ഗദ്യത്തിൽ ഒരു പുതിയ ശൈലി കടന്നുകൂടീട്ടുണ്ട്. ഈ ശൈലിയിൽ രണ്ടാളുകൾ എഴുതിയ രണ്ടു പുസ്തകങ്ങൾ വായിക്കുവാനുള്ള മഹാഭാഗ്യം എനിക്കുണ്ടായി. പുസ്തകങ്ങളുടെ പേരു പറഞ്ഞിട്ടാവശ്യമില്ല; ഗ്രന്ഥകർത്താക്കളുടെ പേര് ഞാൻ പോലീസ് സ്റ്റേഷനിൽ വെച്ചുകൂടി പറയുകയില്ല. അവിടെവച്ചു പറയാത്ത കാര്യമില്ലെന്നാണു പൊതുജനാഭിപ്രായം. ഹേഡിന്റെ കണ്ണു കാണുമ്പോൾ ചെയ്യാത്ത കുറ്റം കൂടി സമ്മതിച്ച്, സന്തോഷസമേതം ജേലിൽ പോകാമെന്നു തോന്നിപ്പോകുമത്രേ.

അതിരിക്കട്ടെ. പുതിയ ശൈലിയെക്കുറിച്ചാണല്ലോ നമ്മൾ പറയുന്നത്. പ്രസ്തുത ശൈലിക്കു ചില വിശേഷങ്ങളൊക്കെയുണ്ട്. അത് ചിലർക്കു പിടിക്കും, ചിലർക്കു പിടിക്കില്ല. അതു പഞ്ചസാരയാണെന്നു പറയുന്നവരുണ്ടെങ്കിൽ, അതിനെ കാഞ്ഞിരക്കായായി കരുതുന്നവരുമുണ്ട്. കവികൾക്കുമാത്രമേ അതെഴുതിക്കൂടു; പണ്ഡിതന്മാർക്കുമാത്രമേ അതു മനസ്സിലാവുകയുള്ളൂ. ഗദ്യം പോലെയാണ് അതെഴുതപ്പെടുന്നതെങ്കിലും പദ്യം പോലെയാണ് അതിന്റെ സ്വഭാവം. അതിൽ ഉപമയും ഉല്പ്രേക്ഷയും അത്രയുണ്ടായിരിക്കും. അതു മുഴുവൻ വിരാമചിഹ്നമയമാണ്. ഓരോ വാക്കുമാത്രം അടങ്ങിയ വാചകങ്ങൾ, തീവണ്ടിയുടെ എഞ്ചിൻ തനിച്ചു പോകുന്നതുപോലെ, അതിൽക്കൂടി പോകുന്നതു കാണാം. ചില വാചകങ്ങൾ, ശ്രീരാമൻ കാച്ചിക്കളഞ്ഞ സിദ്ധസമാജസന്യാസിയെപ്പോലെ, തലകീഴായി തൂങ്ങിനിൽക്കുന്നതു കാണാം. ചില ചില്ലറക്കവികളുടെ പ്രസംഗങ്ങളിലും, ചില പത്രങ്ങളിലെ ലേഖന—(പണ്ഡിതന്മാരുടെ നെറ്റിചുളി കണ്ടിട്ട്) ലേഖനങ്ങളിലും ഈ ശൈലി പ്രത്യക്ഷപ്പെടാറുണ്ട്.

സഞ്ജയന്ന് ഈ ഗദ്യം കണ്ടിട്ട് അതിനോട് ഒരു പ്രേമം വന്നുപോയി. അതിന്റെ മാധുര്യം അത്രയുണ്ട്. മൂന്നുദിവസം രാത്രി ഉറക്കൊഴിഞ്ഞു ശ്രമിച്ചതിന്റെ ഫലമായി ഈ പുതിയ രീതിയിൽ സഞ്ജയൻ കുറെ ഉപന്യാസങ്ങൾ എഴുതിയിട്ടുണ്ട്. ഈ വഴിയിൽ വളരെ കടന്നുപോയിട്ടുള്ള ഗുരുക്കന്മാരുടെ "ലെവൽ" എത്തീട്ടില്ലെങ്കിലും, അതിന്റെ ഒരു "പോക്ക്" കാണിക്കുവാൻ മാത്രമൊക്കെ സാദൃശ്യം ഇവയ്ക്കുണ്ടെന്ന്, അവതാരിക എഴുതിത്തരാൻ വിചാരിക്കുന്ന ആളോട്, വിട്ടുപോകാതെ എഴുതുവാൻ പ്രൈവറ്റായി അപേക്ഷിക്കുന്നു.

ഒന്നാമത്തെ ഉപന്യാസം ദൈവത്തെക്കുറിച്ചാണ്. ഇങ്ങനെ തുടങ്ങുന്നു:—

*"ദൈവം. സച്ചിദാനന്ദസ്വരൂപം. അഖണ്ഡം. അനന്തം. ശിവോഹം. സ്വസ്ത്യസ്തു. ചതുകപ്പ.*

*മനുഷ്യൻ ഒന്നിനെ—ഒരാളെ—ആരാധിക്കുന്നുണ്ട്. ആരെ? ദൈവത്തിനെ. എന്തിന്ന്? അവർക്കു വേറെ പണിയൊന്നുമില്ലാഞ്ഞിട്ട്.*

*കുട്ടിച്ചാത്തൻ, ഗുളികൻ, കുണ്ടൂർക്കോട്ട് വാണവൻ, മുനിസിപ്പാൽ കമ്മീഷണർ, ഭൈരവൻ—ഇവരും ദൈവങ്ങൾ തന്നെ. പക്ഷേ അവരും ദൈവവും!!!—നക്ഷത്രങ്ങളും ചന്ദ്രനും—കൗൺസിലർമാരും ചെയർമാനും—നിരീശ്വരന്മാരും സർദാർ—(വേണ്ട; ഞാൻ പറയുന്നില്ല; അല്ലെങ്കിൽത്തന്നെ അദ്ദേഹം സഞ്ജയന്റെ നേരെ കാരണമില്ലാതെ പരിഭവിച്ചിരിക്കുന്നു.)*

*ദൈവം ഭക്തിവീചിയുടെ സമുദ്രമാണ്; മോക്ഷാഗ്നിയുടെ പുകയാണ്, ഉപനിഷൽപ്പാലിലെ വെണ്ണയാണ്, വേദാന്ത്യമദ്യത്തിന്റെ ലഹരിയാണ്, ജെംബിസ്കറ്റാണ്, മരമുരിങ്ങയാണ്, കുതിര വട്ടമാണ്."*

ഇതിനെപ്പറ്റി നിങ്ങൾ എന്തു വിചാരിക്കുന്നു? ഇതിന്റെ ഗുണഗണങ്ങൾ നിങ്ങൾ മനസ്സിരുത്തി 'നോട്ടു' ചെയ്യണം. ചില വാചകങ്ങൾ, ഒരൊറ്റ വാക്കോടുകൂടി, കതിനവെടിപോലെ, ഗംഭീരമായി മുഴങ്ങി അവസാനിക്കുന്നതു കണ്ടുവോ? മറ്റു ചിലത്, കോഴപ്പടകം പോലെ, അർദ്ധവിരാമങ്ങളോടുകൂടി പൊട്ടിത്തെറിക്കുന്നത് കേട്ടുവോ? ഇതിലെ ഉപമകൾ ഒരു മഹാകവിക്കല്ലാതെ എഴുതുവാൻ കഴിയുമോ? ഇവിടെ ഗദ്യമെഴുതീട്ടാണ് മഹാകവിയെന്ന സ്ഥാനം സമ്പാദിക്കാൻ പോകുന്നത്. സൂക്ഷിച്ചോളിൻ!

എനിയൊരുപന്യാസമുണ്ട്, കവിതയെപ്പറ്റി. അതും ഒരുവിധം പാസ്സാക്കാവുന്നതാണ്.

*"ഒരു പൊൻവീണയുണ്ട്. ഒരു സ്വാതന്ത്ര്യമുരളിയുണ്ട്. ഒരു ഡബ്ൾറീഡ് ഹാർമ്മോണിയമുണ്ട്. ഒരു പോലീസ് വിസിലുണ്ട്. എന്താണത്? കവിത. ആരു പറയുന്നു? ഞാൻ.*

*അതിൽക്കൂടി നിർഗ്ഗളിക്കുന്നതോ? സ്വാതന്ത്ര്യമധു, ആനന്ദധാര, സമത്വം, സൗഭാത്രം, സോഡ, ലെമനെഡ്, അമരകോശം, പഞ്ചതന്ത്രം, ബോബിലിപുരാണം.*

*ഇതൊന്നാണ് ഭൂമിയെ സ്വർഗ്ഗമാക്കുന്നത്. ഇത് വടക്കുംകൂർ രാജരാജവർമ്മ രാജാവിന്നില്ലാത്തതും, ഉള്ളൂരിന് ഉള്ളതുമാകുന്നു. ഇതില്ലെങ്കിൽ നക്ഷത്രം പ്രകാശിക്കുകയില്ല; ഇലക്ട്രിക് ലൈറ്റ് കത്തുകയില്ല; മോട്ടോർകാർ സ്റ്റാർട്ടാവുകയില്ല; ഞാനെഴുതുകയില്ല; പത്രാധിപർ സ്വീകരിക്കുകയില്ല; നിങ്ങൾ വായിക്കുകയില്ല.*

*കവിത! ഹാ! ഛീ! കവിത!!"*

കവിതയെപ്പറ്റി ഒന്നന്തരമൊരറിവ് വായനക്കാർക്ക് ഇതിൽനിന്നു കിട്ടിയല്ലോ. അതാണ് ഈ ശൈലിയുടെ ഗുണം. വായിച്ചാൽ പിന്നെ ആ വിഷയത്തെക്കുറിച്ച് ആർക്കും ഒരു സംശയവും ഉണ്ടാവുകയില്ല. മായാത്ത ചിത്രങ്ങളുംകൊണ്ട് പുലിവാലു പിടിച്ചു കിടക്കുന്ന നിങ്ങളുടെ സാഹിത്യദാസനോട് സമയമുള്ളപ്പോൾ ഇതൊക്കെ ഒന്നു വായിച്ചുനോക്കി ഒരു "അപ്രീസേഷ്യൻ" എഴുതുവാൻ പറയണം.

എനി ഞാൻ ഒരുദാഹരണം കൊടുക്കുന്നത് തലകീഴായ് നിൽക്കുന്ന രീതിക്കാണ്. ഈ രോഗം അധികവും പ്രാസംഗികന്മാരെയാണ് ബാധിച്ചുകാണുന്നത്; ചിലപ്പോൾ ഇത് സമയം പോരാത്ത ചില പത്രലേഖകന്മാർക്കും പിടിച്ചുകാണാറുണ്ട്. ഇത് ഒരുതരം വാതഗോഷ്ഠിയാണെന്ന് പറയുന്നവരുണ്ട്. കാടാച്ചിറ കണ്ണൻ വൈദ്യരവർകളുടെ അഭിപ്രായം അറിഞ്ഞിട്ടില്ല. ചോദിക്കണം. ഈ ശൈലിയിലും ഞാൻ ചിലതെഴുതിയിട്ടുണ്ട്. ഇപ്പോഴത്തെ തിരഞ്ഞെടുപ്പുകളെപ്പറ്റി ഒരു വോട്ടുപിടിയന്റെ വോട്ടർമാരോടുള്ള പ്രസംഗമാണ് താഴെ ചേർക്കുന്നത്:

*"മഹതികളേ, മഹാന്മാരേ,*

*എനിക്കറിയാം, നിങ്ങളിൽ അധികപേരും ഇവിടെ വന്നു നിൽക്കുന്നത് നിങ്ങൾക്കു മറ്റു യാതൊന്നും ചെയ്യുവാനില്ലാത്തതുകൊണ്ടാണെന്ന്. അത് കേട്ട് മുഷിയരുത് നിങ്ങൾ. ആർക്കെങ്കിലും കൊടുക്കാം വോട്ട്. ആലോചിച്ചു വേണം പക്ഷേ, ഉപയോഗിക്കുവാൻ ആ അധികാരം. ഞാൻ പറയുന്നു, നിങ്ങൾ വോട്ട് രാജശ്രീ പാതാളരാജാവിന്നു കൊടുക്കണമെന്ന്. അതാണ് ഒരു മാർഗ്ഗം, നന്മക്കുള്ള. പറയാമോ എന്നോട് ധൈര്യസമേതം നിങ്ങൾ അങ്ങനെ ചെയ്യുമെന്ന്?"*

ഇത് മതി. തളർച്ച വരുന്നു. ഈ പുതിയ സർക്കസ്സിന്റെ ഉദ്ദേശം ഫോഴ്സ് (ശക്തി, ബലം, ഊക്ക്, കരുത്ത്) ആണ്. "ഞാൻ യാതൊരു സംശയവുമില്ലാതെ എഴുതും" എന്ന് പഴയ സമ്പ്രദായം; "എഴുതും ഞാനില്ലാതെ യാതൊരു സംശയം" എന്ന് പുതിയ രീതി. വാസ്തവത്തിൽ, നിർമ്മത്സരമായി ആലോചിക്കുകയാണെങ്കിൽ, രണ്ടാമത്തേതിന് ആദ്യത്തേതിനെക്കാൾ കുറച്ചൊരു ബലം ജാസ്തിയില്ലേ? ഈ കാരണം കൊണ്ടാണ് നമ്മുടെ പ്രാസംഗികന്മാർ ഈ രീതിയെ അവലംബിച്ചിരിക്കുന്നത്. മലയാളഭാഷ യൂനിവർസിറ്റിയുടെ രക്ഷണത്തിൻ കീഴിൽ, നാൾക്കുനാൾ അഭിവൃദ്ധിപ്രാപിച്ചു വരുന്നുണ്ടെന്നതിന് ഇതിലധികം എന്തൊരു "എവിഡൻസാ"ണ്

നിങ്ങൾക്ക് വേണ്ടത്? ഈ ശൈലിയിൽ ചില പണ്ഡിതന്മാർ വിദ്യാർത്ഥികൾക്ക് ഡിക്റ്റേറ്റു ചെയ്തുകൊടുത്ത നോട്ടുകൾ ഞാൻ കണ്ടിട്ടുണ്ട്. ഇതിന്റെയൊക്കെ ഫലം യാതൊന്നുമറിയാതെ ആ പച്ചപ്പാവങ്ങൾ—നമ്മുടെ വിദ്യാർത്ഥികൾ(എന്താണ് നിങ്ങൾക്കൊരു ചിരി?)—അതൊക്കെ പഠിച്ചു വശമാക്കും. ക്രമേണ അവർ വീട്ടുകളിലും ഈ സംഭാഷണരീതി പ്രചരിപ്പിക്കും.

അപ്പോഴാണ് രസം. പിന്നെ കേൾക്കാം ചില സംഭാഷണങ്ങളിങ്ങനെ. "മകനേ, വരാൻ സ്കൂളിൽനിന്ന് താമസിച്ചതിന്ന് ഇത്രയധികം കാരണമെന്ത് നീ?" "അച്ഛാ, ഭാഷയിൽ മറുപടി ഞാൻ ഈ പറഞ്ഞാൽ മനസ്സിലാക്കും എങ്ങനെ നിങ്ങൾ?" ഇതൊക്കെ അന്വയിച്ച് അർത്ഥം കണ്ടുപിടിക്കുമ്പോഴേക്ക് മകന്ന് കിട്ടേണ്ടത് കിട്ടിക്കഴിഞ്ഞിട്ടുണ്ടായിരിക്കും.

# അധ്യായം 2

# ചങ്ങലംപരണ്ട ടാഗോർ

ഡിയർ സർ,

നിങ്ങളുടെ സാഹിത്യലേഖകനെപ്പറ്റി (പലേ കാരണങ്ങൾകൊണ്ടും) എനിക്കു പണ്ടേ നല്ല അഭിപ്രായമില്ല. കഴിഞ്ഞ ലക്കത്തിൽ ആ മനുഷ്യൻ എഴുതിയ ടാഗോർകവിയെപ്പറ്റിയുള്ള ഉപ ന്യാസം ഞാനും വായിച്ചു. എനിക്കു പിടിച്ചിട്ടില്ല. അദ്ദേഹത്തിന്ന് രുചിച്ചത് അദ്ദേഹത്തിന്ന് പറയാമെങ്കിൽ, എനിക്ക് രുചിക്കാത്തത് എനിക്കും പറഞ്ഞുകൂടേ? നിങ്ങളെല്ലാം കൂടി ഒരുഭാഗ ത്തു ചേർന്ന് എന്നെ ഒറ്റയ്ക്കു നിർത്തി ടാഗോർ കവിത കേമമാണെന്നു വാദിക്കുകയാണെങ്കിൽ, മുഖദാക്ഷിണ്യം വിചാരിച്ച്, ചിലദിക്കിൽ തരക്കേടൊന്നുമില്ലെന്ന് ഞാനും പക്ഷേ, സമ്മതിച്ചേ ക്കാം. പക്ഷേ, ആ സാഹിത്യദാസൻ പറഞ്ഞത് ഏതായാലും കവിഞ്ഞുപോയി. ഇത്രയൊന്നും പറയാനില്ല.

ഞങ്ങളുടെ ചങ്ങലംപരണ്ടയിൽ ഒരു കവിയുണ്ട്. വാസനാകവിയാണ്. ബുദ്ധിയും പഠിപ്പും ഇല്ലെന്നർത്ഥം. അദ്ദേഹത്തിന്റെ പേരു ഞാൻ പറയുകയില്ല. പറയാഞ്ഞാൽത്തന്നെ അവ കാശികളുണ്ടാകും. അദ്ദേഹത്തെ ഞാൻ വെറും "മിസ്റ്റർ" എന്നു വിളിക്കാം. "മിസ്റ്റർ" എന്നു പറഞ്ഞാൽ അബദ്ധമായി. കവിതയെഴുതുന്ന ഒരു ഡസൻ മാസ്റ്റർമാരെ സഞ്ജയൻ നേരിട്ടറി യും. "എന്തിനാണ്, ഹേ, നമ്മളെപ്പറ്റിച്ചത്?" എന്ന് അവരൊക്കെ ചോദിക്കും. സഞ്ജയന്ന് അങ്ങനെ പറ്റിക്കുന്ന സ്വഭാവമുണ്ടോ, ഹേ?

അതു പോകട്ടെ. ഈ മിസ്റ്ററെപ്പറ്റി ചിലതു പറയട്ടെ (മിസ്റ്റർ മുഷിഞ്ഞാലും ശരി). ഇദ്ദേ ഹം ടാഗോർ പ്രസ്ഥാനക്കാരനാണ്. "ഇതാണോ ഈശ്വരാ, ടാഗോർ പ്രസ്ഥാനം? എന്നാൽ ടാഗോർ പ്രസ്ഥാനത്തെ കൊടുങ്ങല്ലൂരമ്മ തന്നെ കാക്കട്ടെ!" എന്ന് എന്നെക്കൊണ്ട് ആദ്യ മായി പറയിച്ചത് ഈ ശ്രീജുത്തിന്റെ കവിതയാണ്. "ചങ്ങലംപരണ്ട ടാഗോർ" എന്നാണ് ഇദ്ദേഹത്തിനെ ഇദ്ദേഹത്തിന്റെ സ്നേഹിതന്മാരും ടാഗോറിന്റെ വിരോധികളും വിളിച്ചുവരുന്നത്.

ഒരു ദിവസം രാവിലെ അദ്ദേഹം പാറപ്പുറത്തു കയറിവന്നു താനെഴുതിയ ഒരു കവിതയുടെ പകർപ്പ് എന്റെ കൈവശം തന്നു. കവിതയ്ക്കു തലവാചകമൊന്നും ഉണ്ടായിരുന്നില്ല. ടാഗോറിന് തലക്കുറിപ്പ് ഇല്ലപോലും! (അദ്ദേഹം കേൾക്കണ്ട!) "എന്തു വിഷയത്തെപ്പറ്റിയാണ് നിങ്ങളുടെ കവിത?" എന്നു ഞാൻ ചോദിച്ചു. ആ വിദ്വാൻ ഒരു ടാഗോർച്ചിരി ചിരിച്ചു. "വിഷയമോ? വി ഷയമൊന്നുമില്ല. അതൊക്കെ ഓൾഡ്ഫേഷനാണ്. വിഷയം! ടാഗോറിന്ന് വിഷയമുണ്ടോ?" ഞാൻ അറിയുകയില്ല. സത്യമായിട്ടും അറിയുകയില്ല. അതുകൊണ്ട് യുക്തിവാദികളെപ്പോലെ, ഉണ്ടെന്നും ഇല്ലെന്നും ഞാൻ പറഞ്ഞില്ല. "നേതിനേതി" ഞാൻ പഴയ പ്രസ്ഥാനത്തിലുള്ള ഒരു ചിരിയോടുകൂടി തലയാട്ടി.

ആ ചങ്ങലംപരണ്ട ടാഗോർ അവിടെയിരുന്നു പ്രസ്തുത കവിത മുഴുവൻ എന്നെക്കൊണ്ട് വാ യിപ്പിച്ചു. മുഴുവൻ! "എന്റെ യോഗം!" എന്നോർത്തു ഞാൻ പരിതപിച്ചു. (ഇങ്ങനെ എന്തെല്ലാം കഷ്ടപ്പാടുകൾ ഈ ചുരുങ്ങിയ ജീവിതകാലത്ത് നിങ്ങളുടെ സഞ്ജയൻ അനുഭവിച്ചു കഴിഞ്ഞു

എന്ന് നിങ്ങളറിഞ്ഞാൽ, സഞ്ജയൻ ചിരിക്കുന്നതിനെക്കുറിച്ച് നിങ്ങൾ അത്ഭുതപ്പെടും. കണ്ണുനീരാണ് സഞ്ജയന്ന് അധികം യോജിപ്പെന്ന് നിങ്ങൾ പറയും. അക്കഥ പോകട്ടെ. അതു മറക്കുവാനാണല്ലോ ഞാൻ ശ്രമിക്കുന്നത്.)

ലൈൻ ബൈ ലൈനായി ഞാനതു മുഴുവൻ വായിച്ചുതീർത്തപ്പോൾ, നമ്മുടെ മിസ്റ്റർ അത് ആദ്യംമുതൽ ഉറക്കെ വായിക്കുവാൻ എന്നോടാവശ്യപ്പെട്ടു. അതു വായിച്ചു കേൾക്കുവാൻ അദ്ദേഹത്തിന്ന് ഒരു രസം തോന്നീട്ടുണ്ടായിരിക്കണം. ആരു കണ്ടു! സഞ്ജയൻ എഴുതുന്നതുകൂടി വായിച്ചുകേൾക്കുന്ന ചിലരില്ലേ? "ഭിന്നരുചിർഹി ലോകഃ." എനിക്കാണെങ്കിൽ, ഇതൊക്കെ എനിയൊരു പ്രാവശ്യം എന്റെ മുമ്പിൽനിന്ന് ആരെങ്കിലും വായിക്കുമെന്ന് ഭീഷണിപ്പെടുത്തിയാൽ ഞാൻ പോലീസ്സിനെ വിളിച്ചുവരുത്തും. അല്ലെങ്കിൽ എസ്സ്. പി. സി. ഏ. ക്കാരെ (മനുഷ്യൻ മൃഗജാതിയിൽപ്പെട്ടതല്ലേ?–ഡാർവിൻ നോക്കുക.)

ചങ്ങലംപരണ്ട ടാഗോറിന്റെ കൃതി ഉറക്കെ വായിക്കുവാൻ ശ്രമിച്ചപ്പോഴാണ് ഒരു ബുദ്ധിമുട്ടു നേരിട്ടത്. ഞാൻ ആദ്യം അത് (പുതിയ പ്രസ്ഥാനക്കാർക്ക് പെരുത്ത് ഇഷ്ടമായ) കൃഷ്ണഗാഥാമട്ടിൽ വായിച്ചു നോക്കി; ചേരുന്നില്ല. എന്തെഴുതിയാലും വഞ്ചിപ്പാട്ടാകുമെന്നു കേട്ടിരുന്നതിനാൽ, ആ മട്ടിൽ ഒരു വായന നടത്തി; നീങ്ങുന്നില്ല. കിളിപ്പാട്ടു പരിശോധിച്ചു; ആവുന്നില്ല. കുറത്തിപ്പാട്ടെടുത്തു......

കുറത്തിപ്പാട്ടിന്റെ ഘട്ടമെത്തിയപ്പോഴേക്കും കോപംകൊണ്ടു കണ്ണു കലങ്ങിയ ശ്രീജത്ത് എന്റെ കയ്യിൽനിന്നു കടലാസ്സു തട്ടിപ്പറിച്ചിരിക്കുന്നു. എനിക്ക് സകലവും പരിഹാസമാണ്; അവർണ്ണർ മാത്രമല്ല, സവർണ്ണരും കവിതയെഴുതി നന്നായിപ്പോകുന്നതിൽ ഞാൻ അസൂയയുള്ളവനാണ്; എന്നെപ്പോലെ ധിക്കാരിയും അധികപ്രസംഗിയും ചങ്ങലംപരണ്ടയിലില്ല; എന്നൊക്കെ ആ മഹാകവി എന്നെ ശകാരിച്ചു. അടി കൊണ്ടുപോയെന്നു വിചാരിച്ചു ഞാൻ രണ്ടു ചുവട് ദൂരെ വാങ്ങി അമർന്ന് തടവിന്നൊരുങ്ങിനിന്നു. (എന്റെ ഈശ്വരാ! ടാഗോറിന് ഇങ്ങനെ ദ്വേഷ്യമുണ്ടെങ്കിൽ ആ ശാന്തിനികേതനത്തിലെ കുട്ടികൾ വളരുകയില്ല.)

ഒടുക്കം അദ്ദേഹം തന്നെ കവിത വായിച്ചു. വെളിച്ചപ്പാടിന്റെ അരുളപ്പാടുപോലെയുള്ള വല്ലാത്ത ഒരു രീതിയിലാണ് അദ്ദേഹം വായിച്ചത്. ഈ രീതിയ്ക്കു "ഗദ്യപദ്യ"മെന്നാണുപോലും പേര്. ടാഗോർ അങ്ങനെയാണുപോലും എഴുതുക. അദ്ദേഹത്തിന്റെ കവിതകളുടെ ഇംഗ്ലീഷു തർജ്ജമകളാണ് ഗദ്യത്തിലുള്ളതെന്നാണ് ഞാൻ കേട്ടിട്ടുള്ളത്. പക്ഷേ, ചങ്ങലംപരണ്ട ടാഗോറിന്റെ ദ്വേഷ്യത്തെ ഭയന്ന് അതു പറഞ്ഞില്ല. ഏതായാലും പ്രസ്തുത ഗദ്യപദ്യത്തെ നിങ്ങളുടെയെല്ലാം അനുവാദത്തോടുകൂടി ഞാൻ താഴെ ചേർക്കുന്നു. തലവാചകമില്ലെന്ന് ആലോചിക്കണേ! പെട്ടെന്ന് തടഞ്ഞ് വീഴരുത്!

"എന്റെ ഓമനേ, എന്റെ വിളക്കു കെട്ടുപോയി.

ഹാ! എന്താണിത്? ഇതെന്താണ്? ഒരു പ്രകാശം! ആരിതിനെ ഇവിടെ കൊണ്ടുവന്നു?

ഓമനേ, ഞാൻ ചെറുതിരിയായി ചമഞ്ഞ് ഒരു ചെറിയ മഴവില്ലിനെ കുടയായി പിടിച്ച് നക്ഷത്രങ്ങളുടെ ഇടയിൽ ഒരു ദിനാന്തസഞ്ചാരം ചെയ്തുകൊള്ളട്ടെയോ?

തോണിക്കാരാ, നീ എവിടെയാണ് ഒഴുക്കിന്നെതിരായി പോകുന്നത്? ഞാൻ നിന്റെകൂടെ വരട്ടെയോ? എന്റെ മുറിയിൽ വിളക്കില്ലാത്തത് നീ അറിയുകയില്ലെന്നോ?

എരിശ്ശേരിക്ക് ഉപ്പുപോരാത്തതുകൊണ്ട് ഞാൻ തലയണ മാറ്റിവച്ചു; എന്നിട്ടും തൊടിയിലെ കുരങ്ങൻ പോയില്ലല്ലോ!!

ഹാ, വെളിച്ചം! വെളിച്ചം! വെളിച്ചം!!"

എനിയും വളരെയുണ്ട്. പക്ഷേ അതു മുഴുവൻ എഴുതുവാൻ നിങ്ങൾ എന്നോട് ആജ്ഞാപിക്കരുത്. "ശിരസി മാ ലിഖ, മാ ലിഖ, മാ ലിഖ!" എനിക്ക് വല്ലാതെയൊക്കെ തോന്നുന്നു. ഒരു

ചെറുനാരങ്ങ കൂടി പെട്ടെന്നുള്ള ആവശ്യത്തിന്ന് ഈ ചങ്ങലംപരണ്ടയിൽ കിട്ടുകയില്ല. അതിന്ന് ഉഴലൂർ ഭജാറിൽ പോകണം. അതുകൊണ്ടാണ് ഞാൻ ഇവിടെ നിർത്തുന്നത്. കവിത നിങ്ങളും വായിച്ചുവല്ലോ. നിങ്ങൾക്ക് എന്ത് പിണ്ണാക്കാണ് മനസ്സിലായത്? നേരു പറഞ്ഞാൽ മതി! തോണിക്കാരൻ കൗൺസിൽ പ്രസിഡന്റാണ്; തോണി കൗൺസിലാണ്; ഒഴുക്ക് പൊതുജനാഭിപ്രായമാണ്; എന്നൊന്നും വ്യാഖ്യാനിക്കുവാൻ ശ്രമിക്കേണ്ട. ആ വിദ്യയൊക്കെ എനിക്കും കുറേശ്ശെ അറിയാം.

പിന്നെയൊരു ചോദ്യം: ഈ വിളക്കിന്റെ കാര്യം തന്നെ എടുക്കുക. നമ്മളുടെ വിളക്കു കെട്ടുപോയാൽ നമ്മളെന്താണു ചെയ്യുക? പുഴവക്കിൽ പോയി തോണിക്കാരനെ വിളിക്കുകയാണോ? അതോ, "എന്നാൽ ഇനി ഇന്നു രാത്രി പണിയുമെടുക്കേണ്ട" എന്നു കരുതി, കസേല നീക്കി എഴുന്നേറ്റ് മിണ്ടാതെ കിടന്നുറങ്ങുകയോ? ഈ ടാഗോർപ്രസ്ഥാനക്കാർക്ക് എന്തുപറ്റി? ഇവരെ എങ്ങനെ നന്നാക്കും? ഒടുക്കം കേസ്സ് നിങ്ങളുടെ ആര്യവൈദ്യന്റെ അടുക്കെ എത്തുമെന്നാണ് തോന്നുന്നത്.

എനിക്ക് പണ്ട് ഒരു ചില്ലറ കവിതയുടെ ഇളക്കമുണ്ടായിരുന്നു. വളരെ കലശലായിട്ടൊന്നുമുണ്ടായിരുന്നില്ല. വയനാടൻ പനിപോലെ ഇടയ്ക്കു വരും, വന്നപോലെ പോകും; കുറച്ചു ദിവസത്തേയ്ക്ക് വായിൽ ഒരു കയ്പ്പു ബാക്കിനിൽക്കും. ഇത്രയേ ഉള്ളൂ. ആ സുഖക്കേടു മാറ്റിയത് ഈ ടാഗോർ പ്രസ്ഥാനക്കാരനാണ്.

# അധ്യായം 3

# കള്ളവാക്കുകൾ

“തുല്യഭുജസമാന്തരചതുർഭുജം” എന്ന വാക്കിന്റെ അർത്ഥം പറയുവാൻ, തിരക്കായി എവിടെയെങ്കിലും പോകുന്ന സമയത്ത്, നിങ്ങളെ നിരത്തിന്മേൽ തടഞ്ഞുനിർത്തി ഒരാൾ ആവശ്യപ്പെട്ടാൽ നിങ്ങൾ എന്താണ് പറയുക? വിഷ്ണുസഹസ്രനാമങ്ങളിൽ ഒന്നായിരിക്കുമെന്ന് പറയും. അല്ലേ? എന്നാൽ അത് ശരിയല്ല. ഇത് കണക്കു പാഠപുസ്തകങ്ങളിൽ കാണപ്പെടുന്ന ഒരു വാക്കാണ്. ഈ വാക്കു “റോംബസ്” എന്ന ഇംഗ്ലീഷു വാക്കിന്റെ ഗീർവാണമാണുപോലും! എന്തിനാണ്, ടെക്സ്റ്റ്ബുക്കു നിർമ്മാതാക്കളേ, നിങ്ങൾ കുട്ടികളെ ഇങ്ങനേ ദ്രോഹിക്കുന്നത്? “റോംബസ്” എന്നു തന്നെ പഠിപ്പിച്ചാൽ എന്താണ് തരക്കേട്? അത് പരിചയമില്ലാത്ത പുതിയ വാക്കാണ്. ശരി, നിങ്ങളുടെ “തുല്യഭുജസമാന്തരചതുർഭുജം” പഴയ വാക്കാണോ? അതിന്റെ അർത്ഥം കേൾക്കുന്ന മാത്രയിൽ മനസ്സിലാകുന്നുണ്ടോ? അതിന്ന് വല്ല അർത്ഥവ്യമുണ്ടോ?

“ഇദം ചതുർബാഹുകമായ രൂപം
മുദാ ചുരുക്കീടുക ടെക്സ്റ്റുകാരേ!”

എന്ന് ഞങ്ങൾ നിങ്ങളോട് അഭ്യർത്ഥിച്ചുകൊള്ളട്ടെയോ? തുല്യഭുജസമാന്തരചതുർഭുജം പോലും! തുല്യഭുജ മണ്ണാങ്കട്ടയാണ്! ദ്രോഹികൾ!

# അധ്യായം 4

# വെള്ളം, വെള്ളം

ഇന്ന് പറഞ്ഞതല്ല അവർ നാളെ പറയുക എന്ന് സഞ്ജയൻ കഴിഞ്ഞ ലക്കത്തിൽ ആരെക്കുറിച്ചാ യിരുന്നു പറഞ്ഞത്? ഓ, ശരി! പാശ്ചാത്യ ഗവേഷകന്മാരെപ്പറ്റി. ഇവരുടെ ഈ പെട്ടെന്നുള്ള അഭിപ്രായം മാറ്റൽ കൊണ്ട് ലോകത്തിൽ എന്തെല്ലാം തകരാറുകളുണ്ടാകുന്നു! സഞ്ജയന്ന് ഒരിക്കൽ പറ്റിയ അപകടം കേൾക്കണോ? പറയാം.

നാലുകൊല്ലം മുമ്പാണ്. കർക്കടകമാസം. തിയ്യതി ഓർമ്മയില്ല. പക്ഷേ ഒരു ശനിയാഴ്ച യാണെന്നോർമ്മയുണ്ട്. സഞ്ജയന്റെ ജീവിതത്തിലെ സകല അനിഷ്ടസംഭവങ്ങളും ഉണ്ടായത് ശനിയാഴ്ചകളിലാണ്. സഞ്ജയൻ ജനിച്ചതു തന്നെ ശനിയാഴ്ചയാണ്. മേപ്പടി ശനിയാഴ്ച രാത്രി സഞ്ജയൻ (മറ്റൊന്നും വായിക്കുവാൻ കാണാത്തതിനാൽ) ഒരു ഇംഗ്ലീഷ് വൈദ്യമാസിക വായി ക്കുകയായിരുന്നു. അതിൽ വലിയ പരീക്ഷാബിരുദങ്ങളും സ്ഥാനങ്ങളുമൊക്കെയുള്ള ഒരു തനി വെള്ളക്കാരൻ ഡോക്ടർ—ഗവേഷകൻ—"വെള്ള"ത്തെക്കുറിച്ച് ഒരുപന്യാസം എഴുതീട്ടുണ്ടായി രുന്നു. വെള്ളമെന്നു പറഞ്ഞാൽ വെള്ളം തന്നെ. വാട്ടർ. "ധാതാവാദൗ ചമച്ചോരുദകം."

സഞ്ജയൻ ബഹുശ്രദ്ധയോടുകൂടി ആ ഉപന്യാസം വായിച്ചു. എന്തെല്ലാം സംഗതികളാണ് നമ്മുടെ വെള്ളക്കാരൻ വെള്ളത്തെപ്പറ്റി ഉപന്യസിച്ചത്! അതുവരെ സ്വപ്നത്തിൽപ്പോലും ആലോ ചിക്കാത്ത എത്ര വിവരങ്ങൾ! ഒരാളുടെ ആയുസ്സ് അയാൾ കഴിക്കുന്ന പച്ചവെള്ളത്തെയാണ് ആശ്രയിക്കുന്നതെന്നും, അനൽപ്പമായ വെള്ളംകുടികൊണ്ട് അല്പായുസ്സു കൂടി അകറ്റാമെന്നും അദ്ദേഹം വളരെ യുക്തികളും കണക്കുകളുമൊക്കെ കാണിച്ചു സ്ഥാപിച്ചു. ഒടുക്കം അദ്ദേഹം പറ ഞ്ഞതാവിത്: "വെള്ളം ഇത്ര കുടിക്കാമെന്നില്ല. സദാ വെള്ളം കുടിക്കുവാൻ സാധിക്കുന്ന ആൾ അങ്ങനെ ചെയ്യേണ്ടതാണ്. ഈയിടെ തെക്കേ അമേരിക്കയിലെ 146 വയസ്സു പ്രായം ചെന്ന ഒരു മനുഷ്യനോട് അയാളുടെ ദീർഘജീവിതത്തിന്റെ കാരണമെന്തെന്ന് ഒരു പത്രറിപ്പോർട്ടർ ചോദിച്ചപ്പോൾ, അയാൾ പറഞ്ഞത് രാപ്പകൽ ഇടവിടാതെ പച്ചവെള്ളം കുടിക്കുന്ന തന്റെ ശീ ലമാണ് എന്നായിരുന്നു. വെള്ളം ശോധനയെ ക്രമപ്പെടുത്തുന്നു, രക്തത്തിലെ അഴുക്കുകളെ നീക്കം ചെയ്യുന്നു; ശരീരത്തിൽ കടന്ന വിഷപദാർത്ഥങ്ങളെ ദുർബലങ്ങളാക്കുന്നു; ഉറക്കത്തെ ക്രമപ്പെടുത്തുന്നു; തലച്ചോറിനെ തണുപ്പിക്കുന്നു; രോമകൂപങ്ങളെ കഴുകി വൃത്തിയാക്കുന്നു. അ തുകൊണ്ട് ഭയമില്ലാതെ കഴിയുന്നേടത്തോളം പച്ചവെള്ളം കുടിക്കുക: ആരോഗ്യത്തിലേക്കും ദീർഘായുസ്സിലേക്കും ഉള്ള രാജമാർഗ്ഗം അതാണ്!"

അങ്ങനേ, സഞ്ജയൻ ഇത് വായിച്ചത് നാലുകൊല്ലം മുമ്പാണേ! അന്ന് സഞ്ജയന്ന് സ്ത്രീ കളേയും ഗവേഷകന്മാരേയും ബഹു വിശ്വാസമായിരുന്നു. ഈ ഉപന്യാസം വായിച്ചു മാസിക മേശപ്പുറത്തു വച്ചതോടുകൂടി നമ്മുടെ ഡോക്ടർ സായിപ്പിന്റെ "സജഷൻ" അനുസരിക്കുവാൻ സ ഞ്ജയൻ തീർച്ചപ്പെടുത്തി. പിറ്റേ ദിവസം മുതൽ ലോകത്തിലെ മികച്ച വെള്ളംകുടിയന്മാരിൽ ഒരാളാകുവാൻ സഞ്ജയൻ ഉറച്ചു. കുറച്ചു കഴിഞ്ഞപ്പോൾ, "എന്തിന്നു പിറ്റേ ദിവസമാക്കുന്നു? ഇപ്പോൾത്തന്നെ തുടങ്ങിക്കൂടേ? 'ശുഭസ്യ ശീഘ്രം' എന്നല്ലേ? ഈ ചികിത്സക്കു വല്ല ചെ ലവുമുണ്ടോ? കിണറും തൊട്ടിയും കയറുമല്ലാതെ വേറേ വല്ല ഒരുക്കവും ഇതിന്നു ചെയ്യേണ്ടതു ണ്ടോ? ആ തെക്കേ അമേരിക്കക്കാരനെപ്പോലെ 146 കൊല്ലം ജീവിച്ചിരുന്ന് ലോകത്തിന്റെ

ബഹുമാനവും, അടുത്ത അവകാശികളുടെ ശാപവും ഒരേ സമയത്ത് സമ്പാദിക്കുന്നത് ചില്ലറക്കാര്യമാണോ?" എന്നൊക്കെ സഞ്ജയൻ ആലോചിച്ചുതുടങ്ങി. അന്ന് രാത്രിതന്നെ ചികിത്സ ആരംഭിക്കുവാനും നിശ്ചയിച്ചു.

ഏകദേശം ഒരു പറ കൊള്ളുന്ന ഒരു പാത്രത്തിൽ നിറയെ വെള്ളവും ഒരു ഗ്ലാസ്സും സഞ്ജയൻ ഓർഡർ ചെയ്തു. രാത്രി പത്തുമണിക്ക് ചികിത്സയും തുടങ്ങി. അന്നു രാത്രിയുണ്ടായ അനുഭവങ്ങളൊന്നും ഞാൻ വിസ്തരിക്കുകയില്ല. ഉറങ്ങീട്ടില്ലെന്നുമാത്രം ചുരുക്കിപ്പറഞ്ഞേക്കാം. പുലർച്ചയായപ്പോൾ "146 കൊല്ലം ജീവിച്ചിട്ടില്ലെങ്കിൽ എന്താണ്?" എന്നുകൂടി എനിക്ക് തോന്നി. പക്ഷേ ഞാൻ വിട്ടില്ല. പിറ്റേ ദിവസം മാത്ര ഒന്നു ചുരുക്കുകമാത്രം ചെയ്തു.

പിറ്റേത്തെ കൊല്ലമാകുമ്പോഴേക്കും, സാധാരണ മിഥുനം ഒന്നാം തീയതിവരെ മഴ പെയ്യാതിരുന്നാൽ വറ്റാത്ത പാറപ്പുറത്തെ കിണറ്റിന്റെ അടിത്തട്ട് മീനമാസത്തിൽത്തന്നെ വെളിക്കു കണ്ടുതുടങ്ങി. അതിനെക്കുറിച്ചു വീട്ടിലുള്ളവർ പരിഹാസമായി ഓരോന്നു പറയുവാനും തുടങ്ങി. ഇതിലിടക്കു സഞ്ജയന്റെ വകയായി വെള്ളത്തിന്റെ ഗുണഗണങ്ങളെ പ്രശംസിച്ചുകൊണ്ടുള്ള ലേഖനങ്ങളും ഭാഷണങ്ങളും അനവധി കഴിഞ്ഞിരുന്നു. എന്നുമാത്രമല്ല, കുറ്റ്യാട്ടൂർ വേദാന്തിസമാജം പോലെയും, ചെറുകുന്നത്ത് ഭസ്മംതൊടൽ സംഘത്തെപ്പോലെയും, ചങ്ങലംപരണ്ടയിൽ ഒരു "വെള്ളംകുടിസ്സമാജം" സ്ഥാപിതമായിത്തീരുകയും ചെയ്തു. സഞ്ജയനായിരുന്നു അതിന്റെ സ്ഥാപകനും, അദ്ധ്യക്ഷനും, നേതാവും. ക്രമേണ അതിൽ അംഗങ്ങൾ വർദ്ധിച്ചു. (ലോകത്തിൽ ഏതു കിറുക്കനാണ് പിന്താങ്ങുവാൻ ആളുകളെ കിട്ടാത്തത്?)

വെള്ളം ദേഹത്തിന് ആരോഗ്യത്തെ മാത്രമല്ല, ആത്മാവിന് ശുദ്ധിയേയും പ്രദാനം ചെയ്യുമെന്ന് സഞ്ജയൻ അചിരേണ കണ്ടുപിടിച്ചു. അതോടുകൂടി ഞങ്ങളുടെ വെള്ളംകുടിസ്സമാജത്തിനു മതപരമായ ഒരു ഛായ വന്നുചേർന്നു. സഞ്ജയൻ ഒരു പുരോഹിതനായി, തല മുണ്ഡനം ചെയ്തു. കാഷായവസ്ത്രം ധരിച്ചു. "സാധു ജലപ്രസാദ്" എന്ന് ഒരു പുതിയ പേരും സ്വീകരിച്ചു. ചില ശിഷ്യന്മാർ ബഹുമാനാതിരേകം കൊണ്ട് സഞ്ജയനെക്കുറിച്ച് "ചങ്ങലംപരണ്ടസ്വാമി" എന്നുമാത്രം പറയും. വെള്ളംകുടിസ്സമാജത്തിന്റെ പേരും പെരുമയും ശുക്ലപക്ഷത്തിലെ നിലാവു പോലെ, മഴക്കാലത്തെ ജലദോഷം പോലെ, ഏറ്റത്തിലെ വെള്ളം പോലെ, വൃശ്ചികത്തിലെ മഞ്ഞുപോലെ, ആലിന്റെ വേടുകൾ പോലെ, വളരുകയും, പുഷ്ടിപ്പെടുകയും, പരക്കുകയും ചെയ്തു.

സഞ്ജയൻ—അഥവാ, സാധു ജലപ്രസാദ്—ചികിത്സയും തുടങ്ങി. അനവധിപേർ മരിച്ചു. പഞ്ചമഹായോഗങ്ങളും കേസരിയോഗവും ഒത്തുചേർന്ന ജാതകങ്ങളോടുകൂടിയ ചിലർ ജീവിച്ചു. അവരുടെ കയ്യിൽ നിന്ന് സഞ്ജയൻ സർട്ടിഫിക്കറ്റുകൾ എഴുതിവാങ്ങി, അച്ചടിപ്പിച്ചു, ശിഷ്യന്മാരെക്കൊണ്ടു വിതരണം ചെയ്യിച്ചു. വെള്ളംകുടിസ്സമാജത്തിനു നഗരംതോറും ശാഖയും, ഉപശാഖകളും, പ്രവർത്തകസംഘങ്ങളും ഉണ്ടായി. സമാജംവകയായി "നയഗാറാ" എന്നൊരിംഗ്ലീഷുവാരികയും, "ജലദേവത" എന്ന പേരിൽ ഒരു മലയാള മാസികയും പ്രസിദ്ധീകരിക്കപ്പെട്ടു. എവിടെയൊരു വാർഷികയോഗമുണ്ടോ, അവിടെ സാധു ജലപ്രസാദിന്റെ വകയായി ഒരു പച്ച വെള്ളപ്രസംഗവും ഒഴിച്ചുകൂടാത്തതാണെന്ന നിലയായി.

ഞങ്ങൾക്ക് എതിരാളികളും ഉണ്ടാകാതിരുന്നില്ല. (ലോകത്തിൽ ഏതു നല്ല സ്ഥാപനത്തിനാണ് എതിരാളികളില്ലാത്തത്?) മലബാറിലെ "ജൂബിലി ടീ ക്ലബ്ബ്"കാർ ഞങ്ങളുടെ പ്രസ്ഥാനത്തെ പ്രതിഷേധിച്ചു; തമിൾനാട്ടിലെ "ചിരിചുപ്പ്പിരമണിയ ചുവാമി ചകായം കാപ്പ്പീ കിലപ്പ്പു"കാർ ഞങ്ങളെ എതിർത്തു; കള്ളുഷാപ്പുകാർ ഞങ്ങളെ ശകാരിച്ചു; റാക്കുഷാപ്പുലേലക്കാർ ഞങ്ങളെ അടിക്കുവാൻ വട്ടംകൂട്ടി; ബിലാത്തിമദ്യലൈസൻസുകാർ ഞങ്ങളെപ്പറ്റി പോലീസ് സൂപ്രണ്ടോട് മുഖദാവിൽ ആവലാതി പറഞ്ഞു.

കടപ്പ, കർന്നൂൽ, ബല്ലാരി, ആനന്ദപുരം മുതലായ ജില്ലകളിലെ ജലദൗർഭിക്ഷ്യം ഞങ്ങളുടെ പ്രസ്ഥാനം ഹേതുവായി വർദ്ധിച്ചിരിക്കുന്നു എന്ന കാരണത്തിന്മേൽ ചിലർ മദ്രാസ് കൗൺസിലിൽ ഞങ്ങളെപ്പറ്റി ചോദ്യങ്ങൾ ചോദിപ്പിച്ചു. ഞങ്ങൾ സോവിയറ്റ്റഷ്യയിൽ നിന്നു സ്വകാര്യമായി പണം വരുത്തുണ്ടെന്നു കാണിച്ചു ചിലർ ഗവർമ്മേണ്ടിലേക്കു വാറോലകളയച്ചു. ഒരു പോലീസ് ഇൻസ്പെക്ടർ ഒരു ദിവസം സാധു ജലപ്രസാദിന്റെ ആശ്രമത്തിൽ ഒരുകൂട്ടം കൺസ്റ്റേബിൾമാരോടുകൂടി എത്തി, ഞങ്ങളുടെ വാരികയുടേയും മാസികയുടേയും വിറ്റഴിച്ചലാവാതെ പൊടിപുരണ്ടുകിടക്കുന്ന പന്തീരായിരത്തിൽചില്വാനം പഴയ ലക്കങ്ങൾ കെട്ടിയെടുപ്പിച്ചു "നിങ്ങൾക്കു കാണിച്ചുതരാം!" എന്ന അർത്ഥത്തിൽ ഞങ്ങളെ ഒരു നോട്ടവും നോക്കി സ്റ്റേഷനിലേക്കു തിരിച്ചു.

പക്ഷേ ഇതൊക്കെക്കൊണ്ട് ഞങ്ങളുടെ പ്രസ്ഥാനത്തിനു ശക്തി കൂടിയതേയുള്ളൂ. സാധു ജലപ്രസാദിന്റെ സ്വന്തം പേരിൽ സമാജം ഫണ്ടെന്ന വ്യാജേന 25,000 ക. ബേങ്കിലായി! എല്ലാരാജ്യങ്ങളിലും കൂടി ചങ്ങലംപരണ്ടസ്വാമിക്ക് ആയിരക്കണക്കായി ശിഷ്യന്മാരുണ്ടായിക്കഴിഞ്ഞു. സ്വാമിക്കെതിരായി ഒരക്ഷരംപോലും മിണ്ടുന്നവന്റെ തല അടിച്ചുപൊളിക്കുവാൻ തയ്യാറായ ഒരു ദീർഘകായനായ വെള്ളംകുടിയനെങ്കിലും ഇല്ലാത്ത ദേശമോ, കുഗ്രാമമോ കേരളത്തിൽ ഇല്ലാതെയായി. പത്തു മാനാഞ്ചിറ നിറക്കുവാൻ മതിയായ വെള്ളം സ്വാമിയും ശിഷ്യന്മാരുംകൂടി കുടിച്ചുതീർത്തു.

ഈ സമയത്തൊക്കെ സഞ്ജയന്റെ മനസ്സാക്ഷി എന്തുചെയ്യുകയായിരുന്നു എന്നു നിങ്ങൾ ചോദിക്കും. സഞ്ജയന്റെ മനസ്സാക്ഷിക്ക് ഒരു കലുക്കവുമുണ്ടായിരുന്നില്ല. ഒരു വലിയ ഡോക്ടർ—പേരെടുത്ത ഒരു ഗവേഷകൻ—തനി വെള്ളയായ ഒരു സായ്പ്—അനവധി പരീക്ഷകൾ പാസ്സായിട്ടുള്ള ഒരു കെങ്കേമൻ—അദ്ദേഹമല്ലേ പച്ചവെള്ളം രാവും പകലും, ഗാലൺ കണക്കായി ഉള്ളിലേക്കു ചെലുത്തുന്നത്; ആരോഗ്യത്തിനും ദീർഘായുസ്സിനും വളരെ പറ്റിയതാണെന്നു പറഞ്ഞത്? ആ സ്ഥിതിക്കു സാധു ജലപ്രസാദ് ആരെ പേടിക്കണം?

അങ്ങനെ കൊല്ലം മൂന്നു കഴിഞ്ഞു. ചിങ്ങമാസം. ശനിയാഴ്ച തന്നെ. ഈ ലേഖനാരംഭത്തിൽ പറയപ്പെട്ട വൈദ്യമാസികയുടെ ഒരു ലക്കംകൂടി സഞ്ജയന്റെ കൈയിലെത്തിച്ചേർന്നു. അതിലും വെള്ളത്തെപ്പറ്റി ഒരു ഉപന്യാസമുണ്ട്. എഴുതിയ ആൾ ഇത്തവണയും വലിയ ഒരു ഡോക്ടർ തന്നെ; പേരെടുത്ത ഒരു ഗവേഷകൻ തന്നെ; തനി വെള്ളയായ ഒരു സായ്പ് തന്നെ; അനവധി പരീക്ഷകൾ പാസ്സായ ഒരു ഗംഭീരൻ തന്നെ; പക്ഷേ, അദ്യത്തെ ആളല്ല. അദ്ദേഹത്തിന്റെ ഉപന്യാസം ഇങ്ങനെ അവസാനിച്ചു: "മേലെഴുതിയ യുക്തികളിൽനിന്നും, കണക്കുകളിൽനിന്നും, പര്യവേക്ഷണങ്ങളിൽനിന്നും തെളിയുന്നത്, മനുഷ്യർക്കുണ്ടാകുന്ന സകല രോഗങ്ങളും അമിതമായ വെള്ളംകുടികൊണ്ട് ഉണ്ടായിത്തീരുന്നവയാണെന്നാണ്. കഷ്ടിച്ചു ജീവിക്കുവാനാവശ്യമായ വെള്ളം മാത്രമേ കുടിക്കാവൂ. വെള്ളം ആഹാരരസത്തിന്റെ കട്ടികുറച്ച് അതിന്റെ പോഷകശക്തി ഇല്ലാതാക്കിത്തീർക്കുന്നു. അതിസാരവും ഓക്കാനവും അമിതമായ ജലപാനത്തിന്റെ അനിഷ്ടഫലങ്ങളാണ്. അതു രക്തത്തിന്റേയും കട്ടി കുറയ്ക്കുന്നു. ഇതിനിടെ വടക്കേ ആഫ്രിക്കയിലെ 148 വയസ്സായ ഒരു കാപ്പിരിവൃദ്ധനോട് പത്രറിപ്പോർട്ടർമാർ അയാളുടെ ദീർഘജീവിതത്തിന്റെ കാരണം അന്വേഷിച്ചപ്പോൾ അയാൾ പറഞ്ഞത്, 'ഞാൻ ദിനംപ്രതി ഒരു ഉള്ളംകയ്യിലൊതുങ്ങുന്ന വെള്ളം മാത്രമേ കുടിക്കാറുള്ളൂ. അതുകൊണ്ടാണ് ഞാൻ ഇങ്ങനെ ആപ്പീസ്സ്പോട്ടം ഉണക്കമെത്തീട്ടും ജീവിച്ചിരിക്കുന്നത്' എന്നായിരുന്നു."

എങ്ങിനെയാണ്, അങ്ങത്തന്മാരേ, കൊച്ചമ്മമാരേ, ഈ ഗവേഷകന്മാരെ ഇതിനുശേഷം നമ്മൾ വിശ്വസിക്കുക? അവർ പറയുന്നതു വിശ്വസിക്കുന്ന പതിവ് സഞ്ജയൻ നിർത്തിക്കളഞ്ഞിരിക്കുന്നു. സാധു ജലപ്രസാദ് ഇപ്പോൾ ഹരികഥകൊണ്ടുമാത്രം കാലക്ഷേപം ചെയ്യുകയാണ്. ഇങ്ങനെയുള്ള ലോകത്തിൽ എങ്ങനെ കഴിഞ്ഞുകൂടും? ആ ബേങ്കിലുള്ള ചില്ലറക്കാശ് അവിടെത്തന്നെ ഉള്ളതു ഭാഗ്യം!

# അധ്യായം 5

# ഉദ്യോഗം പോയ വഴി

ഞാൻ ഒരു സംസ്ഥാനത്തിലെ ഒരു മന്ത്രിയുടെ പ്രൈവറ്റ് സിക്രട്ടറിയായിരുന്നു. മന്ത്രിയെ തൽക്കാലം നമുക്ക് ബ്ലങ്കിറെഡ്ഡി എന്നു വിളിക്കാം. (അദ്ദേഹത്തിന്റെ സാക്ഷാൽ പേര് വേറെയാണ്; പക്ഷേ, അത് പറയാൻ പാടില്ലല്ലോ) മന്ത്രി ഐമ്പത് വയസ്സ് കഴിഞ്ഞ ഒരു മഹാ ദീർഘകായനായിരുന്നു. തടിച്ച ദേഹം, കറുത്ത നിറം, ചുകപ്പ് ഛായയുള്ള കണ്ണുകൾ, പന്നിരോമത്തോടുകൂടിയ ചെവികൾ, ഇടുങ്ങിയ നെറ്റി, മേപ്പിലെ തെക്കേ ആഫ്രിക്കപോലെയുള്ള മൂക്ക്, നാടകക്കാരോടു കടംവാങ്ങി വെച്ചുകെട്ടിയതാണെന്നു തോന്നിക്കുന്ന ഭയങ്കര മീശ, കാപ്പിരിയുടെ ചുണ്ടുകൾ, ആകപ്പാടെ, “അക്കോലം കണ്ടുപോയാലുമതി ചുടലപ്പൊട്ടനും ഞെട്ടിവീഴും.” ഞാനാകട്ടെ ബി.ഏ. പരീക്ഷ പാസ്സായ ഒരു സ്വതന്ത്രചിന്തകനുമായിരുന്നു.

ആ മീശവെച്ച പൂഞ്ചോലക്കര ഏടത്തിൽ അച്ചന്റെ പ്രൈവറ്റ് സിക്രട്ടറിയായി കയറ്റം കിട്ടി പതിനഞ്ചുദിവസം കഴിയുന്നതിനു മുമ്പാണ് ഞാൻ ഇറങ്ങിപ്പോകേണ്ടിവന്നത്. ഗവർമ്മെണ്ടുദ്യോഗവും ഞാനും തമ്മിലുള്ള അകാലികമായ ഈ വേർപാടിനു ഹേതുവായിത്തീർന്ന സംഗതിയിൽ കുറ്റക്കാരൻ ഞാനോ മന്ത്രിയോ എന്നു തീർച്ചപ്പെടുത്തേണ്ടതു വായനക്കാരാണ്. ഞാൻ പുതിയ ജോലിയിൽ പ്രവേശിച്ച ദിവസം മന്ത്രിക്കു കിട്ടിയ മൂന്നു നിവേദനപത്രങ്ങൾക്ക് മറുപടി അയയ്ക്കേണ്ടുന്ന ഭാരം ആ മ്ലേച്ഛൻ എന്നെ ഏൽപ്പിച്ചു. വളരെ കൃത്യനിഷ്ഠയോടും ഈശ്വരവിചാരത്തോടും കൂടി മന്ത്രി തന്ന ആജ്ഞകളെ അണുപോലും തെറ്റിക്കാതെ ഞാൻ അവയ്ക്ക് ആവുംപോലെ മറുപടികളും അയച്ചു. ഈ മറുപടികൾ കിട്ടിയവർ പത്ത് ദിവസത്തിനകത്ത് അവയൊക്കെ മന്ത്രിക്കുതന്നെ മടക്കിയയയ്ക്കുകയാണുണ്ടായത്. റെഡ്ഡിഗാരു അതൊക്കെ വായിച്ചു; എന്നെ വിളിക്കാൻ ശിപായിയെ അയച്ചു; ഞാൻ ചെന്നു. മന്ത്രി കോപംകൊണ്ട് വിറയ്ക്കുന്നു. കണ്ണുകൾ ചുവന്ന ബ്ലോട്ടിങ്ങ്പേപ്പർപോലെ ആയിരിക്കുന്നു. എന്റെ ഈശ്വരാ! ഇത്ര ദ്വേഷ്യം ഞാൻ ഒരു മന്ത്രിക്കും അമന്ത്രിക്കും വന്നു കണ്ടിട്ടില്ല. ഈ വയസ്സിനകത്ത് കണ്ടിട്ടില്ല.

റെഡ്ഡി എന്നെ ശകാരിച്ചു; ഞാൻ റെഡ്ഡിയേയും ശകാരിച്ചു. ( ആദ്യം ശകാരിക്കുന്ന ആളല്ലേ, സാർ, ആലോചിക്കേണ്ടത്? ) അദ്ദേഹം മേശപ്പുറത്ത് പത്ത് പ്രാവശ്യം ഇടിച്ചു. ഞാൻ പെട്ടെന്നുള്ള ആവേശത്തിൽ ഒരിടി ഇടിച്ചത് മേശയുടെ കൂർത്ത കോണിലായിപ്പോയി. അത് കണ്ടിട്ടുകൂടി ആ മഹാപാപിയ്ക്കു ചിരി വന്നില്ല. പിന്നെയും ഞങ്ങൾ വളരെ നേരം ഹനുമാനും ഭീമസേനനും ചെയ്തതുപോലെ പരസ്പരം ശകാരിച്ചു. ഒടുക്കം മന്ത്രി എന്റെ മറുപടികളെല്ലാം ചുരുട്ടി എന്റെ മുഖത്തേയ്ക്കെറിഞ്ഞ്, എന്നെ ഡിസ്മിസ്സ് ചെയ്തിരിക്കുന്നു എന്നു പറഞ്ഞു. ആ കടലാസ്സചുരുൾ കുനിഞ്ഞെടുത്ത് പത്ത് കുതിരശ്ശക്തിയോട് (Horse Power) കൂടി അങ്ങോട്ടും എറിഞ്ഞതിനുശേഷം ഞാൻ പുറത്തേയ്ക്ക് ചാടി ആദ്യം കണ്ട ടാം വണ്ടിയിൽ കയറിപ്പോവുകയും ചെയ്തു.

ഇതാണ് കഥ. എനി റിക്കാർഡുകൾ കൂടി ഒന്നു പരിശോധിച്ചു നിങ്ങൾ വിധി പറഞ്ഞുകൊള്ളുവിൻ. എന്റെ മറുപടികൾ അവയുടെ ചരിത്രങ്ങളോടുകൂടി ഞാൻ കോടതി മുമ്പാകെ സമർപ്പിക്കുന്നു.

കാട്ടുകളം താലൂക്കിന്റെ ഏറ്റവും കാട്ടുപിടിച്ച മൂലയിൽ ‘പേക്രമാൻചെള്ള’ എന്നൊരു കുഗ്രാമമുണ്ട്. പക്ഷേ, അവിടെയുള്ള നിവാസികൾ മുഴുവൻ മന്ത്രിയുടെ കക്ഷിക്കാരാണത്രേ (ഇ

തൊക്കെ ആരറിഞ്ഞു?). പേക്രമാൻചെള്ളയിൽ ഒരു തപാലാപ്പീസ്സ് സ്ഥാപിച്ചു കിട്ടണമെന്ന് അപേക്ഷിച്ചുകൊണ്ടുള്ള അവിടുത്തെ പൗരന്മാരുടെ ഹരജിയായിരുന്നു ആദ്യത്തേത്. ഈ ഹരജിക്ക്, ആ പ്രദേശത്ത് ഒരു തപാലാപ്പീസ്സിന്റെ ആവശ്യം വളരെയില്ലെന്നും, വിദ്യാഭ്യാസ പ്രചരണം, സമാധാനപരിപാലനം, മുതലായവയിലാണ് അവിടുത്തെ നിവാസികൾ അധികം മനസ്സിരുത്തേണ്ടതെന്നും, അക്കാര്യത്തിൽ ഗവർമ്മെണ്ട് അവരെ സഹായിക്കുന്നതാണെന്നും മറ്റും യുക്തിയുക്തമായും ദൃഷ്ടാന്തത്തോടുകൂടിയും വിവരിച്ച് ഒരു മറുപടി അയയ്ക്കേണമെന്ന് മന്ത്രി എന്നൊട് കൽപ്പിച്ചിരുന്നു.

ഈ കല്പനപ്രകാരം വളരെ വളരെ ആലോചിച്ച് ഞാൻ തയ്യാറാക്കി അയച്ച മറുപടി ഇതായിരുന്നു:

*"പേക്രമാൻചെള്ളക്കാരുടെ തപാലാപ്പീസ്സ് ഹരജിക്കുള്ള മറുപടി:—*

*നിങ്ങളുടെ ഹരജി കിട്ടി. ഇത്ര ബുദ്ധിശൂന്യതയും ധിക്കാരവും നിറഞ്ഞ ഒരു ഹരജി ഈ ആപ്പീസ്സിൽ ഇതുവരെ വന്നിട്ടില്ല. ബുദ്ധി നിങ്ങൾക്കില്ല; ലജ്ജയും ഇല്ലാതെ പോയല്ലോ, എന്നാണ് എന്റെ വ്യസനം.*

*നിങ്ങൾക്ക് ഇവിടെ ഒരു തപാലാപ്പീസ്സ് വേണം ഇല്ലേ? എന്തിനാണപോലും അവിടെ ഒരു തപാലാപ്പീസ്സ്? ഏത് മുഴുഭ്രാന്തനാണ് പേക്രമാൻചെള്ളയ്ക്കു കത്തയയ്ക്കാൻ പോകുന്നത്? അയച്ചാൽത്തന്നെ ആ എഴുത്തു വായിപ്പാൻമാത്രം അക്ഷരജ്ഞാനം അവിടെ എത്രപേർക്കുണ്ട്? ആ പ്രദേശത്തുകൂടി കടന്നുപോകേണ്ടിവരുന്ന ഇൻഷൂറൻസ് കവറുകൾക്ക് ആരാണ് ഉത്തരവാദിത്തമേറ്റെടുക്കുക?*

*തപാലാപ്പീസ്സ്! നിങ്ങൾക്കു വേറെയൊന്നും വേണ്ടേ? ഒരു ഇറമുഖവും നിയമനിർമ്മാണസഭയും ഹൈക്കോടതിയും കൂടിയായാലോ? നിങ്ങൾക്കവിടെ വേണ്ടുന്നത് ഒരൊന്നാന്തരം ജയിലും മജിസ്ട്രേറ്റുകോടതിയും പോലീസ് സ്റ്റേഷനും ഒരു എലിമെന്ററി സ്കൂളുമാണ്. തപാലാപ്പീസ്സിന്റെ പേർ ഇനിമേലിൽ മിണ്ടരുത്."*

ഇതാണ് ഞാനയച്ച മറുപടി. ഇതിൽ എന്താണ് ഹേ, ഒരു തെറ്റ്? ഈ മറുപടി ഹേതുവായി അടുത്ത തിരഞ്ഞെടുപ്പുകാലത്ത് റെഡ്ഡിഗാരുവെ പേക്രമാൻചെള്ളയുടെ പന്ത്രണ്ടു മയിത്സിനുള്ളിലെവിടെയെങ്കിലും കണ്ടുപോയെങ്കിൽ വെടിവെച്ചുകളയുമെന്ന പേക്രമാൻചെള്ളയിൽനിന്നു ചില വാറോലകൾകൂടി മന്ത്രിക്കു കിട്ടിയത്രേ. ചെള്ളക്കാരുടെ തോന്യവാസത്തിനു ഞാനാണോ ഉത്തരവാദി? അവിടെ ഒരു തപാലാപ്പീസ്സിന്റെ ആവശ്യകതയില്ലെന്ന് ഇതിലും യുക്തിയുക്തമായും ദൃഷ്ടാന്തത്തോടുകൂടിയും ഇപ്പോഴത്തെ പ്രൈവറ്റുസിക്രട്ടേറി എഴുതട്ടെ! അങ്ങിനെയല്ലേ മിടുക്കു നോക്കേണ്ടത്?

അതങ്ങിനെ. രണ്ടാമത്തെ ഹരജി ഒരു ജലവിതരണപദ്ധതി നടപ്പിൽവരുത്തുവാൻ കുറേ പണം കടം ചോദിച്ചുകൊണ്ടുള്ള ഉഴല്ലൂർ മുനിസിപ്പാലിറ്റിയുടെ പരിദേവിതമായിരുന്നു. തിരഞ്ഞെടുപ്പുതോറും ഉഴല്ലൂർ മുനിസിപ്പാലിറ്റിയിൽനിന്നു ഇരുനൂറു വോട്ടുകൾ റെഡിയായി റെഡ്ഡിഗാരുവിനു കിട്ടാറുണ്ടത്രേ. പക്ഷേ, ജലവിതരണപദ്ധതി ഇപ്പോൾ നടപ്പിൽ വരുത്തുവാൻ തരമില്ലെന്നും, അത് അവരോടത്ര പച്ചയായി തുറന്നുപറഞ്ഞ് അവരെ മുഷിപ്പിക്കരുതെന്നും, ഒരുവിധം വായിച്ചാൽ അർത്ഥം മനസ്സിലാകാത്ത സമ്പ്രദായത്തിൽ അങ്ങുമിങ്ങും തൊടാത്ത രീതിയിൽ ഒരു മറുപടിയാണ് കൊടുക്കേണ്ടതെന്നുമായിരുന്നു മന്ത്രിയുടെ കല്പന.

എത്രയോ നേരത്തെ ഗൂഢാലോചനയും അഞ്ചു സിഗരറ്റും (അന്നു സിഗരറ്റുവലിയായിരുന്നു പ്രധാന ജോലി) ചെലവാക്കിയതിന്നുശേഷം ഞാൻ ഇങ്ങനെ എഴുതി അയച്ചു:

*"ഉഴല്ലൂർ മുനിസിപ്പാൽ ചേർമാന്ന്:*

*നിങ്ങളുടെ ഹരജിയിൽ പ്രസ്താവിക്കപ്പെട്ട ജലവിതരണപദ്ധതിയെസ്സംബന്ധിച്ചേടത്തോളം അവഗാഢമായ ആലോചന, ഏതദ്വിഷയകമായി ഗവർമ്മെണ്ടു നടത്തിയതിന്റെ ഫലം പ്രതീക്ഷിച്ചിരിക്കപ്പെട്ടിരുന്നതായേക്കാവുന്നപോലെയുള്ള ധനസൗകര്യം ഇക്കൊല്ലത്തെ ബഡ്ജറ്റുമുഖേന കിട്ടിയിട്ടില്ലെന്നുള്ളത് അനിഷേധ്യമായിരിക്കേ, ഈ സഹായം തത്കാലം വലിയ തോതിൽ ചെയ്യപ്പെടുവാൻ അസാധ്യമായ്ത്തീർന്നേക്കാമെന്നുള്ളതാണെന്ന് അനുമാനിക്കുന്നതിൽ വലിയ തെറ്റുണ്ടെന്നു പറയുവാൻ ഞാൻ ഒരിക്കലും ഒരുക്കമല്ലെങ്കിലും, പ്രത്യേകസംഗതികളിൽ സാമാന്യ നിയമത്തിനു പകരം പ്രത്യേകപ്രമാണങ്ങളെ ചിലപ്പോൾ പ്രവൃത്തിക്കാസ്പദമായി സ്വീകരിക്കേണ്ടതാണെന്നുള്ള തത്വത്തെ പുരസ്കരിച്ച്, ചില മുനിസിപ്പാലിട്ടികളുടെ കാര്യം*

*സാമാന്യവിധിയിൽനിന്നൊഴിവാക്കി നിർത്തുന്നത് ന്യായമായിരിക്കുമോ എന്നുള്ള സംഗതി ഗവർമ്മെണ്ടിന്റെ ശ്രദ്ധയ്ക്ക് വിഷയീഭവിച്ചിരിക്കുന്നതിനാൽ അങ്ങിനെ ഒഴിവാക്കി നിർത്തുന്നതിനെ, നിങ്ങളുടെ മുനിസിപ്പാലിറ്റിയെസ്സംബന്ധിച്ചിടത്തോളം സാധൂകരിക്കുന്ന വസ്തുതകളെയും യുക്തികളെയും ഗവർമ്മെണ്ടിനെ ഒരു മെമ്മോറിയൽമൂലം അറിയിക്കുന്നതു നിഷ്ഫലമായിത്തീരുവാനാണ് ഇടയുള്ളതെന്നാലോചിക്കേണ്ടതില്ലെന്നു ഞാൻ നിങ്ങൾക്ക് ഉറപ്പുതരുന്നു. പക്ഷേ, ഇക്കാര്യത്തിൽ മുൻപറഞ്ഞ റിപ്പോർട്ട് ഈ എഴുത്തു കിട്ടിയശേഷം നാല്പത്തെട്ടു മണിക്കൂറിനുള്ളിൽ അയയ്ക്കേണ്ടതാണെന്നുകൂടി ഞാൻ ഉപദേശിക്കുന്നു. എന്റെ സഹായം എത്ര വേണമോ അത്ര ഇതിലുമുണ്ടായിരിക്കുമെന്നു ഞാൻ പറയേണ്ടതില്ലല്ലോ."*

ഇതായിരുന്നു സഞ്ജയൻ തയ്യാറാക്കിയ മറുപടി. ഇതിൽ ആദ്യത്തെ വാചകം ഞാൻ ഒരു വീർപ്പിൽ എഴുതിയതാണെങ്കിലും അങ്ങുമിങ്ങും തൊടായ്ക എന്ന ഗുണം അതിൽ മുഴച്ചുനിൽക്കുന്നുണ്ടെന്നാണ് എന്റെ അഭിപ്രായം. എന്നിട്ടെന്താണ്? എന്തു കാരണം കൊണ്ടോ, മന്ത്രിക്ക് അതു പിടിച്ചില്ല. ഈ ചേട്ടകളെയൊക്കെ മന്ത്രിമാരായി നിശ്ചയിക്കുന്നുവല്ലോ! ഇങ്ങനെയൊരു വകതിരിവില്ലാത്ത വർഗ്ഗം! നിങ്ങൾ മൂന്നാമത്തെ മറുപടിയുടെ കഥകൂടി കേൾക്കണം (വളരെ നീണ്ടുപോയോ എന്നറിഞ്ഞില്ല).

എന്തോ ചില കാരണങ്ങൾ ഹേതുവായി കഞ്ചാവൂർ ഡിസ്ട്രിക്ട് ബോർഡിനു തങ്ങളുടെ പ്രസിഡന്റിനെ തിരഞ്ഞെടുക്കുവാനുള്ള അധികാരം ഗവർമ്മെണ്ടു റദ്ദുചെയ്തു. തങ്ങൾക്കു തിരഞ്ഞെടുപ്പധികാരം വീണ്ടും കിട്ടണമെന്നു ഡിസ്ട്രിക്ട് ബോർഡ് ഒരു ഹരജിയും അയച്ചു. കഞ്ചാവൂർ ഡിസ്ട്രിക്ട് ബോർഡ് മറ്റു ഡിസ്ട്രിക്ട് ബോർഡുകളെപ്പോലെയല്ല. അതിലെ മെമ്പർമാർ മുഴുവൻ റെഡ്ഡിഗാരു അവതാരപുരുഷനാണെന്നു വിശ്വസിച്ച് ആ അസത്തിനെ ആരാധിക്കുന്ന വങ്കശിരോമണികളാണ്. കഞ്ചാവൂർ ഡിസ്ട്രിക്ടിലെ വോട്ടുകൾകൊണ്ടാണ് ആ കഴുവേറി എല്ലാ തിരഞ്ഞെടുപ്പുകളിലും ജയിക്കുന്നത്. പക്ഷേ, ഡിസ്ട്രിക്ട് ബോർഡിന്റെ ഈ അപേക്ഷ സ്വീകരിക്കുവാൻ മന്ത്രിക്കു ധൈര്യമുണ്ടായില്ല. അതുകൊണ്ടു ഹരജിക്കാര്യത്തെപ്പറ്റി ഏറ്റവും ലഘുവായി മാത്രം സ്പർശിച്ചുകൊണ്ടും, തീർച്ചപ്പെടുത്തി യാതൊന്നും പറയാതെയും, പക്ഷേ അവരെ ഏറ്റവും രസിപ്പിക്കുകയും അനുനയിപ്പിക്കുകയും ചെയ്യുന്ന രീതിയിലും ഒരു മറുപടി തയ്യാറാക്കുവാൻ മന്ത്രി എന്നോടാജ്ഞാപിച്ചു.

ഞാൻ എഴുതി; ഞാൻ എഴുതിയതിനെപ്പറ്റി ഞാൻതന്നെ അങ്ങിനെ പറയാൻ പാടില്ലെങ്കിലും വാസ്തവത്തിൽ സാറേ, എത്ര ദ്വേഷ്യമുള്ളവനായാൽക്കൂടി ആ എഴുത്തെഴുതിയ ആളുടെ നേരെ മുഷിയുവാൻ ആർക്കും തോന്നുകയില്ല. ഇങ്ങിനെ സ്നേഹം തുള്ളിത്തുളുമ്പുന്ന ഒരെഴുത്ത് ഞാൻ അതുവരെയോ അതിൽ പിന്നീടോ എഴുതീട്ടില്ല. കഞ്ചാവൂർ ഡിസ്ട്രിക്ട് ബോർഡിലെ എല്ലാ മെമ്പർമാരും ഐമ്പതു വയസ്സിന്നപ്പുറത്തുള്ള വൃദ്ധന്മാരാണ്. അവരെ ഞാൻ പ്രസാദിപ്പിക്കുവാൻ ശ്രമിച്ചതിലും അധികം ആരും പ്രസാദിപ്പിക്കുവാൻ ശ്രമിച്ചിട്ടുണ്ടായിരിക്കുകയില്ല. അല്ലെങ്കിൽ ഞാനെന്തിനാണ് ഈ മുഖവുരയൊക്കെ എഴുതുന്നത്? എഴുത്തുതന്നെ ഇവിടെയുണ്ടല്ലോ. നിങ്ങൾ വായിച്ചുനോക്കി അഭിപ്രായം പറയുവിൻ.

*"കഞ്ചാവൂർ ഡിസ്ട്രിക്ട് ബോർഡ് മെമ്പർമാർക്ക്:*

*പ്രിയപ്പെട്ട കാരണവന്മാരേ,*

*നിങ്ങളുടെ ഹരജി കിട്ടി. എന്റെ ഉറ്റ ബന്ധുക്കളും സ്നേഹിതന്മാരുമായ നിങ്ങൾ എന്താണ് യാതൊരു ഹരജിയും അയയ്ക്കാത്തത്? നിങ്ങൾ എന്റെ നേരെ ഒട്ടക്കം മുഷിഞ്ഞുവോ? എന്നും മറ്റും വിഷാദിച്ച്, നെട്ടുവീർപ്പിട്ട്, കൗൺസിലിൽ വാദപ്രതിവാദങ്ങൾ നടക്കുന്നതിനിടയിൽക്കൂടി ഇടയ്ക്കിടെ കണ്ണുനീർ വാർത്തു ഞാൻ കാലം കഴിക്കുകയായിരുന്നു. അപ്പോഴാണ് സൗഹാർദ്ദമസൃണവും സ്നേഹസുഭഗവും മൈത്രീസുരഭിലവുമായ നിങ്ങളുടെ ഹരജി കിട്ടിയത്; ഹാ, എന്തൊരവാച്യമായ ആനന്ദം! ആ എഴുത്തു കിട്ടിയ ദിവസം എനിക്കൊരു സുദിനമായിരുന്നു.*

*പിന്നെ ഒരു കാര്യം. അവിടെ മഴ പെയ്യുന്നുണ്ടോ? ഛേ. ഇവിടുത്തെ മഴയുടെ കാര്യം പറഞ്ഞാലറ്റമില്ല. രാപ്പകൽ, അനധ്യായമില്ലാതെ പെയ്യുന്നു! അവിടെയും അങ്ങിനെത്തന്നെ മഴയാണെങ്കിൽ നിങ്ങൾ അധികം പുറത്തിറങ്ങി നടക്കരുതേ! നിങ്ങൾക്കാർക്കും കുട്ടിപ്രായമല്ല; അതാലോചിക്കണം. ബോർഡിന്റെ കാര്യമൊക്കെ അവിടെ നിൽക്കട്ടെ, 'ശരീരമാദ്യം ഖലു ധർമ്മസാധനം'. ചുമരുണ്ടെങ്കിലേ ചിത്രമുള്ളൂ. താൻ ചത്തു മീൻ പിടിച്ചിട്ടെന്തുകാര്യം?*

*നിങ്ങൾ മേൽ തേയ്ക്കുവാൻ എന്തു കുഴമ്പാണ് ഉപയോഗിക്കുന്നത്? ധാന്വന്തരതൈലമാണ്*

*നല്ലത്. എന്റെ പ്രൈവറ്റ്സെക്രട്ടറിയുടെ രാജ്യമായ മലബാറിൽ ഒന്നാന്തരം ധാന്വന്തരം കിട്ടും. കഞ്ചാവൂർ കഴിഞ്ഞാൽപ്പിന്നെ എനിക്ക് മലബാറോടാണ് അധികം ഇഷ്ടം. ഞാൻ അവിടെ ഒരിക്കൽ പോയിട്ടുണ്ട്. നല്ല രാജ്യം; ആളുകൾ മാത്രം ഒരുവഹക്കാരാണ്.*

*ബോർഡുകാര്യങ്ങൾ നോക്കിക്കഴിഞ്ഞാൽ ദിനംപ്രതി നിങ്ങൾ ഭക്തിവിഷയകമായ വല്ല പുസ്തകവും വായിക്കണം. ഏതെങ്കിലും ഒരു ശാസ്ത്രിയെ വരുത്തി ഭാഗവതം വായിച്ച് അർത്ഥം പറയിച്ചാൽ വളരെ ഗുണമുണ്ടായിരിക്കും.*

*എനിക്ക് എനിയും എഴുതണമെന്നുണ്ട്. പക്ഷേ, പ്രിയവയോധികന്മാരേ, ജോലിത്തിരക്ക് പ്രതിബന്ധമായി നിൽക്കുന്നുവല്ലോ. എങ്കിലും ഞാൻ നിങ്ങളുടെ അക്രീതദാസനാണെന്നുള്ള കാര്യം നിങ്ങൾ വിസ്മരിക്കരുതേ! നിങ്ങൾക്കുവേണ്ടി എല്ലാ കാര്യങ്ങളും ഞാൻ ചെയ്യും. ഇടയ്ക്കിടെ സുഖവിവരം എഴുതുവിൻ—ഇങ്ങിനെ മടിയന്മാരായാലോ?"*

ഞാൻ അയച്ച മറുപടി ഇതാണ്. ഇതു കണ്ടിട്ടാണ് മന്ത്രി അധികം ക്ഷോഭിച്ചത്. ഇതിൽ എന്താണ് അധികം ക്ഷോഭിക്കുവാനുള്ളത്? ഏതു കഠിനഹൃദയത്തോടുകൂടിയ ബോർഡാണ് ഇത് വായിച്ചലിയാതിരിക്കുക? പക്ഷേ അതൊക്കെ പറഞ്ഞിട്ടെന്താണ്, എന്റെ ഉദ്യോഗം ഗമയാഞ്ചകാര–അത്രയല്ലേ പറയേണ്ടൂ?

# അധ്യായം 6

# ചില പുതിയ വെപ്പുമുറകൾ

പോലീസ്സോ, ഹെൽത്ത് ഡിപ്പാർട്ടുമെന്റുകാരോ തടഞ്ഞില്ലെങ്കിൽ അടുത്തുതന്നെ പ്രസിദ്ധീകരിക്കുവാൻ പോകുന്ന "മഹാഭക്ഷ്യഭാക്ഷ്യം" എന്ന പാചകഗ്രന്ഥത്തിൽ നിന്ന് ചില ഭാഗങ്ങൾ.

## 6.1 പീടികച്ചായ

ചില പാചകഗ്രന്ഥങ്ങളിൽ ചായ തയ്യാറാക്കുവാനുള്ള വിധി വിവരിച്ചുകാണുന്നു. പക്ഷേ, ഈ വിധിപ്രകാരം ചായ തയ്യാറാക്കിത്തുടങ്ങിയാൽ കോപ്പയ്ക്ക് അരയണവിലയായി ചായ വിൽക്കുന്ന നമ്മുടെ ക്ലബ്ബുകാർക്ക് ഓരോ കോപ്പയിൽനിന്നും രണ്ടു പൈയിലധികം ആദായമുണ്ടാവുകയില്ല. അവരുടെ ഇപ്പോഴത്തെ തോതുപ്രകാരം ഒരു കോപ്പയിൽനിന്ന് അഞ്ചുപൈ ആദായമുണ്ടാക്കണമെങ്കിൽ ഒരു പ്രത്യേകരീതിയിൽത്തന്നെ ചായ ഉണ്ടാക്കണം. ഇത് സർവീസുള്ള കടക്കാർക്ക് സുപരിചിതമാണെങ്കിലും, പുതുതായി ക്ലബ്ബുകൾ തുടങ്ങുവാൻ ഉദ്ദേശിക്കുന്നവർ കുഴങ്ങിപ്പോകുന്നു. പാചകചിന്താമണിയിലോ, ആര്യഭക്ഷ്യപാചകവിധിയിലോ, ഖാനാകിത്താബിലോ ഒന്നുംതന്നെ ഈ സമ്പ്രദായം വിവരിക്കപ്പെട്ടിട്ടില്ല. പഴയ ചായക്കടക്കാർ കൊന്നാലും പുതിയവർക്ക് ഈ രഹസ്യം പറഞ്ഞുകൊടുക്കുകയുമില്ല. അതുകൊണ്ട് അത്തരം പുതുമക്കാരുടെ സൗകര്യത്തെ ഉദ്ദേശിച്ചുമാത്രമാണ് പീടികച്ചായയുടെ നിർമ്മാണവിധി ഇവിടെ വിവരിക്കപ്പെടുന്നത്.

ഒരു കോപ്പ ചായയ്ക്ക്:–

തിളയ്ക്കുന്ന വെള്ളം കോപ്പ 1; ആട്ടിൻപാൽ, പശുവിൻപാൽ, എരുമപ്പാൽ ഇവയുടെ മിക്സ്ചറിൽ നാലിരട്ടി വെള്ളം ചേർത്തു കുറുക്കി മൂന്നിരട്ടിയാക്കിയ പാൽ ടേബിൾ സ്പൂൺ 1; പഞ്ചസാര ടീസ്പൂൺ 2; അനവധിപ്രാവശ്യം ഉപയോഗിച്ചും ഉണക്കിയും സൂക്ഷിച്ച ചായച്ചണ്ടി ടീസ്പൂൺ 2; കൊക്കുംമൂടിയുള്ള ടിൻപാട്ട 1; വലിയ ഇനാമൽ ടംബ്ലർ 2; നീണ്ട ടീസ്പൂൺ 1; അരിപ്പക്കോരിക 1; അതിന്റെ കമ്പിവല കീറിയ ദോഷം പരിഹരിപ്പാൻ വൃത്തികെട്ട ശീലക്കഷണം 1; കോപ്പ 1; സോസർ 1; (കോപ്പയ്ക്കും സോസറിന്നും പകരം ഒരു ഗ്ലാസ്സ് ടംബ്ലറായാലും മതി)

നിർമ്മാണക്രമം:

ചായച്ചണ്ടി ടിൻപാട്ടയിലിട്ടു മീതെ തിളച്ച വെള്ളമൊഴിച്ച് മൂടികൊണ്ട് ഭദ്രമായി അടച്ചുവെക്കുക. അനന്തരം ചായ കുടിപ്പാൻ വന്ന ആളുകളുടെ മേശപ്പുറത്തുനിന്ന് പഴത്തൊലി, അപ്പക്കഷണങ്ങൾ (മിലിട്ടറി ഡിപ്പാർട്ടുമെന്റുകൂടിയുണ്ടെങ്കിൽ എല്ലിൻകഷണങ്ങൾ) മുതലായവയും, അതിന്മേൽ കെട്ടിനിൽക്കുന്ന ചെറിയ ചായത്തടാകങ്ങളും ഒരൊറ്റ വമ്പിച്ച തുടയ്ക്കലിന്ന് ആ നിർഭാഗ്യവാന്റെ മടിയിലേയ്ക്കു സ്ഥലമാറ്റം ചെയ്യുക. അതിന്നുശേഷം അയാൾക്ക് ആവശ്യമുള്ള പലഹാരങ്ങൾ സപ്ലൈ ചെയ്യാം. അപ്പോഴേക്കും ചായച്ചണ്ടിയിലെ വിഷം മുഴുവൻ വെള്ളത്തിലേക്കു സംക്രമിച്ചുകഴിഞ്ഞിട്ടുണ്ടായിരിക്കും. ഉടനെ ചെന്ന് മുൻപറഞ്ഞ അരിപ്പക്കരണ്ടിയിൽ

ആ വൃത്തികെട്ട ഉണിക്കഷണമിട്ട് അതിലൂടെ പാട്ടയിൽനിന്ന് ചായവെള്ളം ഇനാമൽ ടംബ്ലറിലൊഴിക്കണം. അതിനോടു പാലും പഞ്ചസാരയും ചേർത്തു ചുരുങ്ങിയതു രണ്ടു മിനുട്ടെങ്കിലും ആ നീണ്ട സ്പൂൺ ടംബ്ലറിലിട്ട് മരക്കൊത്തൻ പുറപ്പെടുവിക്കുന്ന ശബ്ദം പോലെ ശബ്ദമുണ്ടാക്കുക. പിന്നീട് മറ്റേ ഇനാമൽ ടംബ്ലറുപയോഗിച്ച് അഞ്ചാറുപ്രാവശ്യം ചായ ആറ്റിയതിനുശേഷം കോപ്പയിലോ, ഗ്ലാസ്സ് ടംബ്ലറിലോ ഒഴിച്ച്, പലഹാരം മുഴുവൻ ഭക്ഷിച്ചുതീർന്നു മച്ചുനോക്കി ജപിക്കുന്ന വിദ്വാന്റെ മുമ്പാകെ മേശപ്പുറത്ത് "ഢിം" എന്ന ശബ്ദത്തോടുകൂടി നിക്ഷേപിക്കുക.

## 6.2 ബ്രാമിൺസ് ടീ

ഇതിന് എസെൻസ്ചായ എന്നും പറയാം. നാലാംക്ലാസ് ചായപ്പൊടിയിൽനിന്നു വെള്ളം ചേർത്തു കുറുക്കി വറ്റിച്ച് പിഴിഞ്ഞെടുക്കുന്ന, കയ്പുരസത്തോടും എണ്ണച്ചുവയോടും കൂടിയ മഹാകാളകൂടത്തെയാണ് "എസെൻസ്" എന്നു വിളിച്ചുവരുന്നത്. പരമേശ്വരൻ പണ്ടു വിഴുങ്ങിയതും, പാർവ്വതി കഴുത്തിൽ കയറി പിടികൂടിയതിനാൽ വയറ്റിലെത്താതെ എത്തിയേടത്തു തങ്ങിനിന്നതുമായ സാധനം ഈ "എസെൻസാ"ണെന്നു ശിവപുരാണത്തിൽ വിവരിച്ച ഭാഗത്തെ, ഇന്ത്യയിലെ "പിരാമിണാൾ കാപ്പീ കിലപ്പ്"(അങ്ങനെയാണ് തമിഴ് ലിപിയിലെഴുതുക)കാരുടെ ജോയിണ്ട് ഭീമഹരജി ഹേതുവായി ലിറ്റൺ പ്രഭുവിന്റെ വാഴ്ചക്കാലത്ത് ഇന്ത്യാഗവർമ്മെണ്ട് നീക്കം ചെയ്തതാണെന്നു ഒരു ജനശ്രുതിയുണ്ട്. കാര്യത്തിന്റെ വാസ്തവം പടച്ചവനൊരാൾ കണ്ടു.

ഇതിനൊരു മെച്ചം മൊത്തത്തിൽ ആദ്യം വിവരിച്ച ചായയെക്കാൾ ഇതിനു ചെലവും അധ്വാനവും ചുരുങ്ങുമെങ്കിലും (ആ സ്പൂൺ കൊണ്ടുള്ള മരണയടിക്കുതന്നെ കൊടുക്കാം ഒരു പൈ) ഇതിനു വില ജാസ്തിയാക്കാമെന്നുള്ളതാണ്. "പിരാമിണാളു"ടെ എല്ലാ ഏർപ്പാടുകൾക്കും സാധാരണയായി വില കൊഞ്ചം കൂടുതലാണ്. പക്ഷേ, (കാര്യം പറയണമല്ലോ) വൃത്തി കുറച്ചധികമുണ്ടായിരിക്കുമെന്നൊരു മെച്ചമില്ലാതെയുമല്ല.

പിന്നെയൊരു വ്യത്യാസം ബ്രാമിൺസ് ടീ കൊടുക്കുന്നതിന്ന് മുമ്പ് ഒരു മന്ത്രം ചൊല്ലേണമെന്നുള്ളതാണ്. ക്ലബ്ബിലെ നായർചെക്കൻ മുൻവിവരിച്ച വിധത്തിലുള്ള മേശതുടക്കൽ നടത്തിയതിനു ശേഷം സാക്ഷാൽ സ്വാമിയോ കുട്ടിസ്സാമിയോ ചായകുടിയന്റെ മുൻവശത്തു ഹാജരായി രണ്ടു കൈയും മേശപ്പുറത്ത് ഊന്നി മുന്നോട്ട് ചാഞ്ഞ് താഴെ പറയുന്ന മന്ത്രം ശ്വാസം വിടാതെ ഉച്ചരിക്കണം.

*"ശൂടാ ഇഡ്ലിസാമ്പാർപൂരിഉരുളക്കിഴങ്ക്ചട്ണിറവ ദോശൈയുപ്മാബോണ്ടകാരാപ്പുന്തി കേബേജ്വടൈരസവടൈമസാലവടൈ തൈരുവടൈ ഓമാപ്പൊടിപക്കവടൈ എല്ലാമിരുക്ക് സാർ എന്നാ വേണം സാർ ശൊല്ലുങ്കോ സാർ.*

*അപ്രം സ്വീട്സ് ലഡുജിലേബിമൈസൂർപാക്ക് ശൂടാസേമിയാപ്പായസംശൂടാശേമിയാകേസരി ഹൽവായിലടൈ എല്ലാമിരുക്ക് സാർ എന്നാവേണം സാർ ശൊല്ലുങ്കോ സാർ ശൊല്ലുങ്കോ!!"*

ഒന്നും വേണ്ടെന്നാണ് മറുപടിയെങ്കിൽ, ചായ കൊടുത്തതിനു ശേഷവും ഈ മന്ത്രം ആവർത്തിക്കാം. ഇങ്ങിനെ ബ്രാമിൺസ് ടീ.

## 6.3 മിസ്റ്റിക് പായസം

ഇത് മിസ്റ്റിക് കവിതയെഴുതിശ്ശീലിക്കുന്ന യുവകവികൾക്ക് മിസ്റ്റിസിസലഹരി പിടിക്കുവാനും, അതു പിടിച്ച കഴിഞ്ഞവർക്കു വർദ്ധിക്കുവാനും ബഹുകണക്കായി പറ്റുന്ന ഒരു യോഗമാണ്. വളരെക്കാലം സാക്ഷാൽ മഹാകവി ടാഗോറിന്റെ വെപ്പുകാരനായിരുന്ന ഒരു മിസ്റ്റിക് പാചകനാണ് ഈ യോഗം കണ്ടുപിടിച്ചത്. ഇതിന്റെ നിർമ്മാണവിധി ഉപദേശിക്കുവാൻ ഞങ്ങൾ ആ ദേഹത്തിന്റെ വീട്ടിന്റെ പടിക്കൽ അനവധി ദിവസം (വ്രതത്തിന്റെ തീവ്രത ജാസ്തിയാക്കുവാനായി) കുരുമുളകുകഷായം മാത്രം കുടിച്ചു സത്യാഗ്രഹം അനുഷ്ഠിച്ചു കിടക്കേണ്ടിവന്നിട്ടുണ്ട്. ഇത് ഒന്നാമത്തെ പ്രാവശ്യം പ്രസിദ്ധപ്പെടുത്തുകയാണ്. പത്രാധിപർ അനുമതി തന്നാലും തന്നില്ലെങ്കിലും തർജമ ചെയ്തു പ്രസിദ്ധപ്പെടുത്തുവാൻ പാടില്ല.

ഒരാൾക്ക് കഴിക്കുവാനുള്ള പായസത്തിനാവശ്യമായ സാധനോപകരണങ്ങൾ:—

മഞ്ഞുതുള്ളികൾ ഔൺസ് 12; പുല്ലെണ്ണ ഔൺസ് 8; ആറ്റിലെ സ്വച്ഛജലം ഔൺസ് 6; മരുഭൂമിയിലെ ഉറവിൽനിന്നുള്ള വെള്ളം ഔൺസ് 4; പുതുമേഘത്തിൽനിന്നാദ്യം വീഴുന്ന മഴവെള്ളം ഔൺസ് 2; നറും പൂന്തേൻ ഔൺസ് 1; മുല്ലപ്പൂ, ചെംപനീർപ്പൂ, പൊൻചെമ്പകം, ഇവയിൽ ഓരോന്നിന്റേയും ദളങ്ങൾ 24; കസ്തൂരി, ചെങ്കുങ്കുമം, വെൺകർപ്പൂരം ഇവ ഓരോന്നും ഉറുപ്പികത്തൂക്കം 1; കുഴിയമ്മി 1; അമ്മിക്കുഴവി 1; തുവെള്ളിക്കിണ്ണം 1.

നിർമ്മാണക്രമം:—

ഇതിന്റെ നിർമ്മാണക്രമമാണ് മഹാവിഷമം. കാറൊഴിഞ്ഞ കറുത്തവാവുദിവസം രാത്രിയിൽ പ്രസ്തുത സാമാനങ്ങളെല്ലാം കെട്ടിയെടുത്ത് ഒരു ഉയർന്ന കുന്നിന്മേൽ കയറി നക്ഷത്രങ്ങളുടെ വെളിച്ചത്തിൽ പൂവിതളുകളെല്ലാം കൂട്ടി കുഴിയമ്മിയിലിട്ടരച്ചു തുവെള്ളിക്കിണ്ണത്തിലാക്കി മീതെ മുൻപറയപ്പെട്ട വെള്ളങ്ങളെല്ലാം ഒഴിച്ചു മയിൽപ്പീലികൊണ്ട് ഇളക്കിച്ചേർക്കുക. പിന്നീടു കസ്തൂരിയും കുങ്കുമവും കർപ്പൂരവും വേറെ അരച്ചു ചേർക്കണം. ഒടുക്കം പൂന്തേൻ മേല്പൊടിചേർത്ത് മലർന്നു കിടന്നു കുടിക്കുക. ഈ അരയ്ക്കലും, ഇളക്കലും, കുടിക്കലും നടക്കുമ്പോഴൊക്കെ രണ്ട് മിസ്റ്റിക്കോമനകൾ കവിയുടെ ഇടത്തും വലത്തും നിന്ന്, പ്രത്യേകിച്ചു കാരണമൊന്നുമില്ലാതെ, വിഷാദാത്മകത്തോടുകൂടി കരഞ്ഞുകൊണ്ടിരിക്കണം. തദനന്തരം കുന്നിന്മേൽനിന്ന് താഴെ ഇറങ്ങിവന്ന് മേപ്പടി മിസ്റ്റിക്കോമനകളെക്കൊണ്ട് പുലരുന്നതുവരെ തലയ്ക്കു് നെല്ലിക്കവെള്ളമുപയോഗിച്ചു ധാര നടത്തുക. ധാര കഴിഞ്ഞതിന്നുശേഷം ആ വിദ്വാൻ സംസാരിക്കുന്നതൊക്കെ മിസ്റ്റിക്കവിതയായിരിക്കും. ഇതെത്രയോ ഗോപ്യമായ ഒരു യോഗമാണെന്നു സൂചിപ്പിച്ചത് വായനക്കാർ മറന്നുകഴിഞ്ഞുവെങ്കിൽ ഒന്നുകൂടി ഓർമ്മപ്പെടുത്തിക്കൊള്ളുന്നു.

## 6.4 വിഷാദാത്മകച്ചട്ണി

വിഷാദാത്മകത്വം അടങ്ങിയ കവിത എഴുതണമെങ്കിൽ ആദ്യന്തം കണ്ണുനീരൊഴുകിക്കൊണ്ടിരിക്കേണ്ടത് അത്യാവശ്യമാണത്രേ. പക്ഷേ, കവിത എഴുതുവാൻ തോന്നുമ്പോഴൊക്കെ കണ്ണുനീരുണ്ടാകത്തക്ക വ്യസനം എല്ലാവർക്കും എല്ലാക്കാലത്തും ഉണ്ടായിരിക്കുവാൻ ഇടയില്ലാത്തതിനാൽ, ദിനംപ്രതി ഡസൻകണക്കായി വർദ്ധിച്ചുകൊണ്ടിരിക്കുന്ന നമ്മുടെ വിഷാദാത്മകന്മാർക്കുവേണ്ടിയാണ് ഈ ചട്ണിയോഗം ഞങ്ങളുടെ പാചകശിരോമണി കണ്ടുപിടിച്ചിരിക്കുന്നത്.

ഇരുപത്തിനാലു വരി വിഷാദാത്മകകവിതയ്ക്കു വേണ്ടുന്ന സാമാനങ്ങൾ:

ചെറിയ ചുകന്ന ഉള്ളി എണ്ണം 50; കുരുമുളക് റാത്തൽ ഒന്ന്; ചുക്ക് റാത്തൽ അര; പച്ചമുളക്, കപ്പൽമുളക്, കാന്താരിമുളക് ഓരോന്നും ഉറുപ്പികത്തൂക്കം 1; വെള്ളം ഇടങ്ങഴി 1.

ആദ്യം ചുക്കും കുരുമുളകും ചതച്ചു വെള്ളത്തിലിട്ട് പാത്രത്തിന്റെ വായ മുക്കാലും മൂടി അടിയിൽ തീ കത്തിച്ച് വെള്ളം നാലിലൊന്നാകുന്നതുവരെ കുറുക്കി ചൂടാറിപ്പോകാതിരിക്കുവാൻ കനലിൽത്തന്നെ വെക്കുക. അനന്തരം ഉള്ളി നന്നേ ചെറുതായരിഞ്ഞു പച്ച–കപ്പൽ–കാന്താരിമുളകുകളോട് കൂട്ടിച്ചേർത്തരച്ചു കുറേശ്ശെയായി ഭക്ഷിക്കുക. അതു കഴിഞ്ഞ ഉടനെയാണ് കനലിൽനിന്നു ചുക്കുമുളകുകളുടെ കഷായമെടുത്ത് ചൂടാറ്റാതെ, കണ്ണടച്ച്, ഇടയ്ക്കു് വിരമിക്കാതെ കുടിച്ചുതീർക്കേണ്ടത്. കവിതയെഴുതുവാനുള്ള കടലാസ്സും പേനയും കണ്ണുനീർ വീഴുവാനുള്ള പാത്രവും മുൻകൂട്ടി തയ്യാറാക്കി വെച്ചുകൊള്ളണം. പിന്നീട് അവ തിരഞ്ഞുനടക്കുവാൻ സമയമുണ്ടാവുകയില്ല.

# അധ്യായം 7

# ഭർതൃസ്ഥാനാർത്ഥികൾ

അകത്തിരിക്കും വനിതയ്ക്ക് ഒരു വിളി തോന്നി. അവൾ പുറത്തേക്കിറങ്ങി. ജനനനിയന്ത്രണത്തിന്റെ അത്യാവശ്യകതയെപ്പറ്റി അവൾ പ്രസംഗിച്ചു; സ്ത്രീകൾക്ക് എല്ലാകാലത്തും, എല്ലായിടത്തും, എല്ലാ സംഗതികളിലും പുരുഷന്മാരെപ്പോലെ പോരാ, അവർക്കുള്ളതിനെക്കാൾ കുറച്ചധികം തന്നെ സ്വാതന്ത്ര്യം വേണമെന്ന് അവൾ പ്രഖ്യാപനം ചെയ്തു. ജനനനിയന്ത്രണത്തെ പ്രായോഗികമാക്കുവാൻ, സ്ത്രീസ്വാതന്ത്ര്യേച്ഛയെ സഫലീകരിപ്പാൻ, അവൾ പല പല നൂതനമാർഗ്ഗങ്ങളെപ്പറ്റിയും ഗവേഷണങ്ങൾ നടത്തി. അവയെ അതതു സമയത്തു ജനങ്ങൾക്കു സമ്മാനിച്ചു. കാലമങ്ങിനെ കഴിഞ്ഞു.

അവളുടെ പേരിവിടെ പറയുന്നതു പന്തിയല്ല. കാരണം ആ പേരുള്ള വേറേ സ്ത്രീകൾ അതേ അഭിപ്രായക്കാരികളാണെങ്കിൽ, അവരെ ഉദ്ദേശിച്ചാണ് ഞാനെഴുതുന്നതെന്നു കരുതി എന്റെനേരെ അവർ കലശലായി മുഷിയും; ഭിന്നാഭിപ്രായക്കാരികളാണെങ്കിൽ, തങ്ങളുടെ പേരിനോട് ആ അഭിപ്രായത്തെ തുന്നിപ്പിടിപ്പിച്ചതിന്ന് അതിലും കലശലായി മുഷിയും. അതുകൊണ്ട് ഞാൻ അവളെ 'സൗഭാഗ്യവതി'യെന്നുമാത്രം വിളിക്കാം. ആ പേർ സാർത്ഥകവുമാണ്; അവളൊരു സൗഭാഗ്യവതി തന്നെയാണ്.

അവളുടെ പ്രസംഗങ്ങൾ കേൾപ്പാൻ ആളുകൾ നാനാഭാഗത്തുനിന്നും ആയിരക്കണക്കായി എത്തിച്ചേർന്നു എന്നു പറയുന്നത് സ്വന്തം റിപ്പോർട്ടരുടെ അതിശയോക്തിയല്ല. വെറും പച്ചപ്പരമാർത്ഥമാണ്.

> "കാവ്യം സുഗേയം; കഥ രാഘവീയം;
> കർത്താവു തുഞ്ചത്തുളവായ ദിവ്യൻ;
> ചൊല്ലുന്നതോ ഭക്തിമയസ്വരത്തി;—
> ലാനന്ദലബ്ധിക്കിനിയെന്തു വേണം?"

എന്നു മഹാകവി വള്ളത്തോൾ ചോദിച്ചതുപോലെ,

> "സബ്ജക്റ്റു 'കണ്ട്രോൾ'; പറയുന്നതോ സ്ത്രീ;
> ശബ്ദം സുവീണാക്വണനോപമം താൻ;
> വയസ്സു പത്തൊമ്പതിനിപ്പുറത്താ;—
> ണാൾത്തിരക്കു കൂടാനിനിയെന്തുവേണം?"

എന്ന് ഞാനും ചോദിക്കാം.

സൗഭാഗ്യവതിയുടെ പ്രസംഗം കേൾപ്പാൻ തിക്കിത്തിരക്കിക്കൂടിയ ജനാവലിയുടെ ഒരു വലിയ ശതമാനം ആനന്ദപാരവശ്യം കൊണ്ട് മതിമറന്ന പുരുഷന്മാരും, ബാക്കി അസൂയകൊണ്ട് കണ്ണുകടി തുടങ്ങിയ മഹിളകളുമായിരുന്നുവെന്നു ഞാനിനി എടുത്തുപറയേണ്ടതില്ലല്ലോ?

അങ്ങനെയിരിക്കെ, ഒരു ദിവസം, ഒരു പ്രസംഗവേളയിൽ, സൗഭാഗ്യവതി ഇങ്ങനെ പറഞ്ഞു:—"സ്ത്രീകളോട് സമ്മതം ചോദിക്കാതെ, അവരുടെ രുചിയും, അഭിലാഷവും, അനുരാഗസ്ഥിതിയും അറിയാതെ, കണക്കു വെക്കാതെ, പതിമ്മൂന്നും പതിന്നാലും വയസ്സുള്ളപ്പോൾ, അവരെപ്പിടിച്ച്, ആജീവനാന്തം മനസ്സെരിഞ്ഞു കഴിയുവാൻവേണ്ടി, തലച്ചോറില്ലാത്ത കഴുതകളുടെകൂടെ കെട്ടിയിട്ടേക്കുന്ന സമ്പ്രദായം നിർത്തേണ്ടുന്ന കാലം അതിക്രമിച്ചിരിക്കുന്നു. (ഹിയർ! ഹിയർ!—പി.എസ്സ്.) എന്റെ അഭിപ്രായത്തിൽ മേലിൽ വിവാഹബന്ധത്തിലേർപ്പെടുവാൻ ഉദ്ദേശിക്കുന്ന വനിതകൾ ഭർതൃസ്ഥാനാർത്ഥികളിൽനിന്നു ഹരജികൾ ആവശ്യപ്പെടേണ്ടതും, പ്രാഥമിക സെലക്ഷൻ കിട്ടിയവരുടെ ഇടയിൽനിന്ന്, 'ഇൻടർവ്യൂ' കഴിഞ്ഞതിന്നുശേഷം, തങ്ങൾക്കു പറ്റുന്ന വരന്മാരെ സ്വീകരിക്കേണ്ടതുമാണ്." (ഹസ്തഘോഷവും ചിയേഴ്സും)

ഈ പ്രസംഗത്തിന്നുശേഷം ദിവസം പതിനഞ്ചു കഴിഞ്ഞപ്പോഴേക്കും, നമ്മുടെ സൗഭാഗ്യവതിയുടെ മേശപ്പുറത്ത്, നാനാസ്ഥലങ്ങളിൽനിന്നും വന്ന എഴുത്തുകൾ, മഹാമേരുപോലെ, കുന്നിച്ചുകൂടി. എല്ലാം അവിവാഹിതയായ സൗഭാഗ്യവതിയുടെ സ്വയംവരത്തിന്നു കാങ്ക്ഷിച്ചുകൊണ്ടുള്ള ഭർതൃസ്ഥാനാർത്ഥികളുടെ അപേക്ഷാഹരജികളായിരുന്നു എന്നു പറയേണ്ടതില്ലല്ലോ? ഏതാനും ഹരജികളുടെ പകർപ്പുകൾ താഴെ ചേർക്കുന്നു.

ഒരു ഡോക്ടർ ഇങ്ങനെ എഴുതി:

*ആരോഗ്യവതി,*

*ഭവതിയുടെ ദേഹത്തിൽനിന്നു പുറപ്പെട്ട രശ്മികൾ കൺവഴിയായി എന്റെ തലച്ചോറിൽ എത്തിയ ഉടനെ അവിടെ പലേ മാറ്റങ്ങളും വന്നിരിക്കുന്നു.*

*ഞാൻ നല്ല പ്രാക്റ്റീസുള്ള ഒരു ഡോക്ടറാണ്; അരോഗദൃഢഗാത്രനായ ഒരു ചെറുപ്പക്കാരനമാണ്. പക്ഷേ, ഭവതിയെക്കണ്ടതുമുതൽ ഓപ്പറേഷൻ കഴിക്കുമ്പോൾ എന്റെ കൈ വിറച്ചുതുടങ്ങിയിരിക്കുന്നു. രണ്ടുമൂന്നു രോഗികൾ ഈ ഏകകാരണത്താൽ 'കൊളാപ്സാ'യിപ്പോയി. ഭവതി എന്നെ ഭർത്താവായി സ്വീകരിച്ചില്ലെങ്കിൽ എനിയും അനവധിപേർ 'കൊളാപ്സാ'യിപ്പോകുവാൻ ഇടയുണ്ട്. അതു മാത്രമല്ല, മറ്റുള്ളവരുടെ നെഞ്ഞത്തു കുഴൽവെച്ച് ഹാർട്ടു പരിശോധിക്കുന്ന സമയങ്ങളിൽ എന്റെ സ്വന്തം നെഞ്ഞിടിപ്പിന്റെ ശബ്ദം എന്റെ ചെവികളിൽ "ഘും—ഘും" എന്നു മുഴങ്ങിക്കേൾക്കുന്നതിനാൽ, അവർക്കൊക്കെ ഹൃദയത്തിന്ന് എന്തോ തരക്കേടുണ്ടെന്നു ഞാൻ ശങ്കിച്ചുപോകുന്നു. ഇതിന്നുപുറമേ, ഭവതിയെക്കുറിച്ചുള്ള ചിന്തഹേതുവായി എന്റെ ആമാശയം, പക്വാശയം, യകൃത്ത്, പ്ലീഹ മുതലായ അനേകം ആന്തരാവയവങ്ങൾ വലിയ തകരാറിലായിരിക്കുന്നു. ഒന്നുകിൽ ഭവതിയുടെ ഭർതൃപദം; അല്ലെങ്കിൽ ദീർഘകാലത്തേക്കു നീണ്ടുനിന്ന് ഒടുക്കം മരണത്തിൽ പരിണമിച്ചേക്കാവുന്ന ക്രോണിക് ഡിസ്പെപ്സിയയും എക്യൂട്ട് ഇൻസോമ്നിയയും—ഇവയിലൊന്നാണ് ഞാൻ ഭാവിയിലേക്ക് തിരഞ്ഞെടുക്കേണ്ടിവരിക.*

*എന്ന്,*
*ആജീവനാന്തം ഭവതിയുടെ,*
*........(എം.ബി.ബി.എസ്സ്.)*

ഒരു വക്കീൽ താഴെ ചേർക്കുംപ്രകാരം എഴുതി:

*1936 മെയ്മാസം 15–നു വെള്ളിയാഴ്ച പകൽ അഞ്ചുമണിക്കോ, അതിന്നടുത്തോ, ശ്രീമതി.....യായ നിങ്ങൾ .....ഗറൾസ് സ്കൂളിലോ, പരിസരത്തിലോ, വെച്ച് ചെയ്ത പ്രസംഗത്തിൽ, ഭാവിയിൽ സ്ത്രീകൾ ഭർത്താക്കന്മാരെ സ്വീകരിക്കുന്നത് ഭർതൃസ്ഥാനാർത്ഥികളുടെ ഹരജികൾ പ്രകാരമായിരിക്കേണമെന്നോ, ആ അർത്ഥം വരുന്ന മറ്റു വാക്കുകളോ, പറഞ്ഞിരിക്കുകയാലും, നിങ്ങൾ അവിവാഹിതയാണെന്ന് എനിക്ക് ഉത്തമവിശ്വാസമുള്ളതിന്നാലും, മേപ്പടി സമ്പ്രദായത്തിലുള്ള ഭർതൃസ്വീകരണത്തിന്ന് നിങ്ങൾ ഒരുക്കമാണെന്ന് മേപ്പടി വാക്കുകളിലൂടെ ധ്വനിക്കുന്നതിനാലും, ഈ ഹരജി എഴുതുന്ന ഞാൻ അവിവാഹിതനായതിനാലും, ഈ ഹരജിക്കു കാരണമായിത്തീർന്നിരിക്കുന്നു.*

*ഹരജിക്കാരനായ ഞാൻ ഇക്കഴിഞ്ഞ 1936 ഏപ്രിൽമാസം 1–നു മുപ്പത്തഞ്ചുവയസ്സു തികച്ചിരിക്കുന്ന ഒരു പുരുഷനാണെന്നും (ഹിന്ദു, അബ്രാഹ്മണൻ) ഇതെഴുതുന്ന സമയത്തു ഞാൻ ഉഴലൂർഡിസ്ട്രിക്റ്റ് കോർട്ടിൽ ഒരു വക്കീലാണെന്നും പ്രതിമാസം സിവിലായും ക്രിമിനലായും*

ഉള്ള പ്രാക്റ്റീസുകൊണ്ട് എനിക്കു ശരാശരി വരവ് 300ക. യാണെന്നുള്ള ഇൻകംടാക്സ് ഓഫീസറുടെ മതിപ്പിനെ ഞാൻ നിഷേധിക്കാതെ, ആ സംഖ്യക്കുള്ള തോതുപ്രകാരം ആദായനികുതി കൊടുത്തുവരുന്നുണ്ടെന്നും, തറവാട്ടുഭാഗം കഴിച്ചതിൽ, എനിക്കു കിട്ടിയ കടവും കോടതിച്ചെലവും മുഴുവൻ കൊടുത്തു തീർത്തതിന്നുശേഷം കിട്ടിയ ഓഹരിവില, കമ്മീഷൻകണക്കുപ്രകാരം 13ക. 8ണ. 9പൈ. മാത്രമാണെങ്കിലും, എന്റെ പ്രാക്റ്റീസുകൊണ്ടുള്ള വരവ് ഏതു സ്ത്രീയുടെയും ഭർതൃപദവിക്ക് എന്നെ അർഹനാക്കിത്തീർക്കുന്നുണ്ടെന്നും, ഞാൻ ഇതിനാൽ നിങ്ങളെ അറിയിച്ചുകൊള്ളുന്നു.

നിങ്ങൾ എന്നെ ഭർത്താവായി സ്വീകരിക്കുന്നപക്ഷം കോടതിയുള്ള ഒരു ദിവസം കക്ഷികളിൽനിന്നു ഫീസായി കിട്ടുന്ന പണത്തിൽ പകൽ സമയത്ത് കോടതിയിൽവച്ചുണ്ടായേക്കാവുന്ന ന്യായമായ ചെലവുകൾ കഴിച്ച് ബാക്കി സംഖ്യ വീട്ടിൽത്താമസമുള്ള ദിവസം രാത്രി പത്തുമണിക്കകത്തും, കേസ്സിന്നു പുറമേപോയി താമസിക്കേണ്ടിവന്നാൽ തിരിച്ച് വീട്ടിലെത്തി ഒരു മണിക്കൂർ കഴിയുന്നതിലിടയ്ക്കും, നിങ്ങളുടെ കൈവശം തന്നുകൊള്ളാമെന്നും, മുൻപറഞ്ഞ ചെലവുകളുടെ ശരിയായ ഒരു കണക്കും അതോടുകൂടെ ഏല്പിച്ചുകൊള്ളാമെന്നും, കമ്മീഷൻ ഫീസുൾപ്പെടെ മറ്റുവഴിക്കു കിട്ടാവുന്ന എല്ലാ വരവുകൾക്കും ഈ നിബന്ധന ബാധകമാകുന്നതാണെന്നും, നമ്മളിൽ ഒരാൾ മരിക്കുകയോ, വിവാഹബന്ധം വേർപ്പെടുത്തുകയോ ചെയ്യുന്നതുവരെ, ഞാൻ, കടാക്ഷം, പ്രേമലേഖനം മുതലായവ വഴിയായി മറ്റു യാതൊരു സ്ത്രീയുടേയും നേരെ എനിക്കുള്ളതോ ഉണ്ടാകുവാനിടയുള്ളതോ ആയ അനുരാഗത്തെ വെളിപ്പെടുത്തുന്നതല്ലെന്നും, അങ്ങനെയൊരു വാഗ്ദാനം നിങ്ങൾ ഇങ്ങോട്ടും തരേണ്ടതായിരിക്കുമെന്നും കൂടി ഞാൻ നിങ്ങളെ ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

എന്നാൽ മാർജനിൽ വിവരിച്ചിരിക്കുന്ന നിങ്ങളുടെ ആരോഗ്യാദിഗുണങ്ങളെപ്പറ്റി വിശ്വസ്തരായ പലേ സാക്ഷികളും പറഞ്ഞു ഞാൻ കേൾക്കുകയും ഒന്നാം ഖണ്ഡികയിൽ പറയപ്പെട്ട ഭർതൃസ്വീകരണത്തെപ്പറ്റിയുള്ള നിങ്ങളുടെ അഭിപ്രായം അറിയുകയും ചെയ്തതുമുതൽ എനിക്കുള്ള അനുരാഗം ഹേതുവായി കേസ്സുകളിലൊന്നും ശ്രദ്ധ വേണ്ടതുപോലെ പതിയാതെയിരിക്കുന്നുവെന്നും, അതുനിമിത്തം എന്റെ വളരെ വിലപിടിച്ച ഏതാനും കക്ഷികൾക്ക് ഗണ്യമായ നഷ്ടം ഇപ്പോൾത്തന്നെ വന്നുകഴിഞ്ഞിരിക്കുന്നുവെന്നും കാലാന്തരത്തിൽ ഈ നഷ്ടം എന്നെയും ബാധിക്കുവാനിടയുണ്ടെന്നും, ഇക്കാര്യത്തിൽ നിങ്ങൾക്ക് വല്ല ബാദ്ധ്യതയുമുണ്ടെന്ന് സിവിൽനിയമത്തിൽ ഒരേടത്തും കാണാത്തതിൽ ഞാൻ വ്യസനിക്കുന്നുവെന്നും, പക്ഷേ, നിയമസംബന്ധമായ ഉത്തരവാദിത്വമില്ലെങ്കിലും, ഇതു നിങ്ങളുടെ കീർത്തിക്ക് ഒരു ഉടവായിരിക്കുമെന്നും നിങ്ങളെ അറിയിക്കേണ്ടുന്ന ചുമതലയും എനിക്കുണ്ട്.

1. ആരോഗ്യം
2. സൗശീലം
3. സൗന്ദര്യം
4. യൗവനം
5. ബുദ്ധി
6. തറവാടിത്തം

നിങ്ങൾ എന്നെ സ്വീകരിക്കാത്തപക്ഷം ഈ കത്തയക്കുവാൻ എഴുത്തുകൂലി ഉൾപ്പെടെയുള്ള ചെലവു 1ക. 1ണ. 2പൈ. എനിക്ക് അനാവശ്യമായ നഷ്ടമായിരിക്കുമെന്നു നിങ്ങളെ ഓർമ്മപ്പെടുത്തുന്നു.

എന്ന്, വിവാഹം കഴിക്കുന്നതുവരെയോ, മറ്റൊരു സ്ത്രീയിൽ അനുരക്തനാകുന്നതുവരെയോ,

നിങ്ങളുടെ സ്വന്തം,
.....(ബി.എ. ബി.എൽ)

. . .

ഇനി കവിളുലികകളുടെ വിളയാട്ടങ്ങൾക്കാണ് ഞാൻ പ്രാധാന്യം കൊടുക്കുവാൻ പോകുന്നത്. ആദ്യം അരങ്ങേറുന്നത് ഒരു ഗദ്യകവിയുടെ പ്രേമലേഖനമാണ്. നോക്കുവിൻ.

“പാറക്കെട്ടിലുമുണ്ട് നീരുറവ്; ചട്ടുകക്കള്ളിക്കുമുണ്ട് പൂവ്; പിണ്ണാക്കിലുമുണ്ട് മാധുര്യം; കരിങ്കാറിലുമുണ്ട് ഉമിന്നൽ; സർപ്പശിരസ്സിലുമുണ്ട് മാണിക്യമണി; വിപ്ലവകവിതയിലുമുണ്ട് നല്ല വരികൾ; രൂക്ഷനായ പൂച്ചയിലുമുണ്ട് സൗമ്യനായ എലി; എന്നിലുമുണ്ട് നീ.

ഒരു പൊൻവീണ ഒരു കരാംഗുലിയുടെ സപ്രേമലാളനത്തെ പ്രതീക്ഷിക്കുകയാണ്; ചുട്ടെരിയുന്ന ഒരു മരുപ്പറമ്പ് സ്വർഗ്ഗീയമായ ശീതശീകരസ്പർശത്തെ കാങ്ക്ഷിച്ച് എരിപൊരിക്കൊള്ളുന്ന മാർവിടത്തെ നീലനഭസ്സിന്നു തുറന്നുകാട്ടുകയാണ്; ഒരു ഗ്രാമഫോൺ റിക്കാർഡിലെ സംഗീതം സൗണ്ഡ് ബോക്സിന്റെ സമ്മേളനം കാത്ത് ക്ഷമയില്ലാതെ വട്ടം ചുറ്റുകയാണ്; ഒരു

*പാഴ്മഞ്ഞിൻതുള്ളി മുത്തായിത്തീരുവാൻ അരുണകിരണപ്രവേശനത്തിന്നു നോമ്പുനോറ്റു ഞാനങ്ങുകിടക്കുകയാണ്;—ഈ സെറ്റുകളിൽ ആദ്യത്തേതൊക്കെ ഞാനാണ്, രണ്ടാമത്തേതൊക്കെ നീയാണ്.*

*അതിന്റെ പ്രത്യൂഷപവനൻ തലോടിയപ്പോളാണ് എന്റെ പ്രത്യാശാമുകുളം വിരിഞ്ഞത്; അതിന്റെ കിരണകന്ദളങ്ങൾ ചുംബിച്ചപ്പോളാണ് എന്റെ നിരാശാതമസ്സ് ഒഴിഞ്ഞുമാറിയത്; അതിന്റെ കളകോമളകൂജനത്താലാണ് ഏകാന്തമായ എന്റെ ഹൃദയത്തിലെ നിശ്ശബ്ദതയിൽനിന്നു മാറ്റൊലി പുറപ്പെട്ടത്; അതിന്റെ കൊടുങ്കാറ്റടിച്ചപ്പോളാണ് എന്റെ അന്യഥാശങ്കാശഷ്പങ്ങൾ പാറിപ്പോയത്; 'അതു' നിന്റെ പ്രസംഗം—അതെ, ആ ദിവ്യവാഗ്ധാര—ആയിരുന്നു.*

*ഓമനേ! എന്റെ അപേക്ഷയാകുന്ന ഈ മഴത്തുള്ളി നിന്റെ കൃപയാകുന്ന ആ മുത്തുച്ചിപ്പിയിൽത്തന്നെ പോയി വീഴുകയില്ലേ? ഈ ഹിമരശ്മിനിപാതം ആ ചന്ദ്രകാന്തത്തെ അലിയിക്കുകയില്ലേ? ഈ കല്ലേറ് ആ മാമ്പഴത്തെ താഴേ വരുത്തുകയില്ലേ?*

*ഹാ, വീണാൽ–അലിയിച്ചാൽ–വരുത്തിയാൽ–ഭൂമി സ്വർഗ്ഗം; ഞാൻ ദേവൻ; കോഴിക്കോട് മുനിസിപ്പാലിറ്റി അമരാവതി; ഈ കസാല സിംഹാസനം; പിണ്ണാക്ക് ജിലേബി; മണ്ണാങ്കട്ട റവലഡ്ഡു; എന്റെ പാചകൻ നളൻ; സർവ്വം ആനന്ദം, പരമാനന്ദം.*

*ഹ, ഹ, വീണില്ലെങ്കിൽ–അലിഞ്ഞില്ലെങ്കിൽ–വരുത്തിയില്ലെങ്കിൽ–ഭൂമി നരകം; ഞാൻ നരകകൃമി; കാച്ചിക്കുറുക്കിയ പാൽ കലർപ്പില്ലാത്ത കാകോളം; പനിനീര് പീനാറി; പകൽ രാത്രി; രാത്രി പകൽ; രാമായണം രാവണായനം; കസ്തൂരി ചാണകം; എല്ലാം അബദ്ധം, അപകടം, അക്ലീമം, നോൺസെൻസ്, കുതിരവട്ടം.*

*എന്ന്, അനുകൂലമായ മറുപടിയുണ്ടാകുമെന്നറിയിച്ചാൽ മാത്രം പേരു പറയുവാൻ തീർച്ചപ്പെടുത്തിയിരിക്കുന്ന നിന്റെ ചരണൈകശരണൻ."*

ഗദ്യകവിയ്ക്ക് ബുദ്ധി കട്ടകട്ടിയാണെന്ന് അവസാനത്തെ വാചകം തെളിയിക്കുന്നുണ്ടല്ലോ.

. . .

വിഷാദാത്മകന്മാരും വെറുതെയിരുന്നില്ല. അവരുടെ ഇടയിൽനിന്നു വന്ന അറുനൂറിൽചില്വാനം ഹരജികളിൽനിന്നു താഴെ ചേർക്കുന്ന 'ഓമനക്കട്ട'വിലാപമാണ് സൗഭാഗ്യവതി തിരഞ്ഞെടുത്തയച്ചിരിക്കുന്നത്. വാസ്തവത്തിൽ അതു മുഴുവൻ വായിച്ചുതീർക്കുവാൻ എനിക്കു സാധിച്ചിട്ടില്ല; പകുതി വായിക്കുമ്പോഴേയ്ക്കും കണ്ണീരുകൊണ്ട് ഞാൻ അന്ധനായിപ്പോയിരിക്കുന്നു. ഇടത്തേ കൈയിൽ ഉറുമാൽ പിടിച്ചുകൊണ്ടു മാത്രമേ നിങ്ങളിതു വായിക്കുവാൻ തുടങ്ങാവൂ; അല്ലെങ്കിൽ കണ്ണുനീർ വീണു സഞ്ജയന്റെ പെയ്ജ് വഷളാവും. വിഷാദാത്മകൻ ഇങ്ങനെ മോങ്ങി:

*"ഖിന്നനാമെന്റെ മുന്നിലായ് ശുദ്ധ–*
*ശൂന്യത വാ പിളർത്തുന്നു;*
*കാണ്മതില്ലൊന്നുമന്ധകാരത്താൽ:*
*കണ്മിഴി, ഹാ! മേ വ്യർത്ഥമായ്;*
*ഓമനേ, നിന്നെക്കാമിക്കുംമുമ്പേ–*
*യീ മട്ടിലാണെൻ കണ്ടീഷൻ[1];*
ആയതിൻശേഷമീയവസ്ഥയ്ക്കു–
ണ്ടായ കാഠിന്യം ഭീകരം!
എന്തിന്നാഹാര?മെന്തിന്നു വെള്ള?–
മെന്തിന്നു കാറ്റുപോലും, ഹാ?
എന്തിന്നു മാന?മെന്തിന്നു ജീവൻ
ബന്ധുരപ്രേമം പോരയോ?
ആച്ചരക്കിന്നു നിന്റെ കൈയിൽത്താൻ
സച്ചരിതേ, ഞാൻ കാണുന്നു.
ആ വിശുദ്ധമാം പ്രേമം തീർത്തിട്ടു–

[1] Condition–സ്ഥിതി

മീ വിഷാദാത്മകത്വത്തെ.
നീയതു തന്നാൽ നാലുനാളത്തേ–
ക്കീയിവൻ പിന്നെത്തൃപ്തനാം!"

മലയാളസാഹിത്യത്തിന്റെ ദയനീയസ്ഥിതിയോർത്ത്, അതിനെ ഈ ഒരു വിഷാദാത്മക നിൽനിന്നെങ്കിലും രക്ഷിക്കുവാനായി, പ്രസ്തുത ദേഹം കൈമലർത്തിയിരിക്കുന്ന 'നാലുനാളത്തെ തൃപ്തി' അയാൾക്ക് കൊടുത്തേയ്ക്കുവാൻ പി.എസ്സ്. സൗഭാഗ്യവതിയോടഭ്യർത്ഥിക്കുന്നു. അതു സൗഭാഗ്യവതിയുടെ സോവിയറ്റ് ആദർശങ്ങൾക്ക് വിരുദ്ധവുമല്ലല്ലോ! കേരളത്തിലെ എല്ലാ ഓമനകൾക്കും അങ്ങിനെ ചെയ്‌വാനുള്ള ദയയുണ്ടായിരുന്നെങ്കിൽ ഈ ആഭാസന്മാരുടെ വിഷാദത്തിന്റെ പൈച്ഛില്യം സാഹിത്യത്തിൽനിന്നൊഴിയുകയും ചെയ്യും.

മിസ്റ്റിക്ക് കവികളുടെ ഹരജികളും കുറെ വന്നിട്ടുണ്ട്. ഒന്നിതാ:

"നിർന്നിമേഷങ്ങളായ് വാനിൽ
രാക്കണ്ണുകൾ വിളങ്ങവേ,
ചന്ദ്രോദയം പ്രതീക്ഷിച്ചു
വാരാന്നിധിയിരമ്പവേ,
പുത്തൻചെമ്പനീർപ്പൂവിൻ
ചുറ്റും സംഭ്രാന്തചിത്തനായ്
ഒരു വണ്ടു പറക്കുന്നൂ
ക്കുരിരുൾച്ചെണ്ടുപോലവേ.